2017 ഏപ്രിൽ 25
വാല്യം 10
ലക്കം 08

ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 08

# കേരളം സാത്താന്യ ആരാധനയുടെ പിടിയിലേക്കോ?



● പാസ്റ്റർ ഷൈജു തോമസ്



കേരളത്തിലെ അതീവ സുരക്ഷ മേഖലയും വിവിഐപികൾ മാത്രം താമസിക്കുന്നയിടവുമായ നന്തൻകോട് മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലീഫ്ഹൗസിന് സമീപം നടന്ന കൊലപാതകം കേരള മനസാക്ഷിയെ ഞെട്ടിച്ചു. ഏപ്രിൽ എട്ടിനാണ് നന്തൻകോട് ബെയിൻസ് കോമ്പൗണ്ടിലെ വീട്ടിൽ റിട്ടയേർഡ് പ്രൊഫ. രാജതങ്കം, ഭാര്യ ഡോ. ജീൻ പദ്മ, മകൾ കരോലിൻ, ബന്ധു ലളിത എന്നിവരെ മരിച്ചനിലയിൽ കണ്ടത്. ലളിതയൊഴികെയുള്ളവരുടെ മൃതദേഹം കത്തിക്കരിഞ്ഞ നിലയിലായിരുന്നു. ലളിതയുടെ മൃതദേഹം കിടക്കവിരിയിൽ പൊതിഞ്ഞിരുന്നു. കൊലപാതകശേഷം ഒളിവിൽ പോയ മകൻ കേഡൽ ജീൻസൺ രാജയെ അടുത്ത ദിവസം തമ്പാനൂരിൽ നിന്നാണ് പോലീസ് അറസ്റ്റ് ചെയ്തത്. ശരീരത്തിൽ നിന്നും ആത്മാവിനെ വേർപെടുത്താനുള്ള പരീക്ഷണത്തിന്റെ ഭാഗമായിരുന്ന കൊലപാതകങ്ങൾ എന്നാണ് കേഡൽ പറഞ്ഞത്. ആൾദൈവങ്ങളിലും അനാചാരങ്ങളിലും കേഡൽ വിശ്വസിച്ചിരുന്നു. അതീന്ദ്രിയ ജ്ഞാനത്തെ കുറിച്ച് ധാരാളം പഠനങ്ങൾ നടത്തിയിരുന്നു. ആസ്ട്രൽ പ്രൊജക്ഷനാണ് താൻ നടത്തിയത് എന്നായിരുന്നു യുവാവ് ആദ്യം പോലീസിനോട് പറഞ്ഞിരുന്നത്. ഇതിനെ തുടർന്ന് അതീവ ജാഗ്രതാ നിർദ്ദേശവുമായി സംസ്ഥാന ഇന്റലിജൻസ് രംഗത്തെത്തി. ദൈവത്തിന്റെ സ്വന്തം നാടെന്ന വിശേഷണമുള്ള കേരളത്തെ സാത്താൻ സഭ പിടിലൊതുക്കുന്നു എന്നതിന്റെ പ്രത്യക്ഷമായ തെളിവാണ് ഈ കൊലപാതകങ്ങൾ. ഉയർന്ന റാങ്കിലുള്ള പോലിസ് ഉദ്യോഗസ്ഥർ, രാഷ്ട്രീയക്കാർ, ജനപ്രതികൾ, പ്രമുഖ വക്കീലുമാർ, ബിസിനസ്സുകാർ, സിനിമ നടീനടന്മാർ തുടങ്ങി ഒരു വൻ നിര തന്നെ സാത്താൻ സഭയുടെ മുഖ്യധാര പ്രവർത്തകരായി നിലകൊള്ളുന്നു എന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ. കേരളത്തിലേക്ക് വ്യാപിച്ച സാത്താന്യ ആരാധന എന്താണ്? സാത്താനെ വാഴ്ത്തുന്ന ഗാനങ്ങളോടെ തുടങ്ങുന്ന സാത്താന്യ ആരാധന മൂന്നു നാലു മണിക്കൂർ നീളും. മദ്യവും മയക്കുമരുന്നും ഇതിന്റെ ഭാഗമാണ്. നഗ്നനൃത്തത്തിലും പരസ്യമായ ലൈംഗികവേഴ്ചയിലുമാണ് സാത്താൻപൂജ പര്യവസാനിക്കുന്നത്. അവർ ഒത്തു ചേരുന്ന ദിനം വെള്ളിയാഴ്ച കൂടിയാണെങ്കിൽ വലിയ ആഘോഷമായിരിക്കും. ബൈബിൾ വാതിൽക്കൽ നിരത്തി വെയ്ക്കും ഇതിൽ ചവിട്ടിവേണം ആരാധന നടക്കുന്ന സ്ഥലത്ത് പ്രവേശിക്കാൻ. മുറിക്കുള്ളിൽ സ്ഥാപിച്ചിരിക്കുന്ന മൂർച്ചയുള്ള ദണ്ഡിൽ വിരലമർത്തി രക്തം ചിന്തണം. വിവിധ മതങ്ങളുടെ പൂജ്യവസ്തുക്കളെ നിന്ദിക്കലാണ് സാത്താന്യ ആരാധനയുടെ മുഖ്യ ചടങ്ങ്. അർധനഗ്നസ്ത്രീകളുടെ നൃത്തവും ഗാനങ്ങളും അകമ്പടിയായുണ്ടാകും.ദൈവത്തിന് ശക്തിയുണ്ടെങ്കിൽ സാത്താനും ശക്തിയുണ്ട് എന്നാണ് ഇവരുടെ വാദം. ഇഷ്ടപ്പെട്ട തൊഴിൽ, ജീവിതപങ്കാളി, ശത്രുനിഗ്രഹം തുടങ്ങി എന്ത് കാര്യവും സാത്താൻ സേവയിലൂടെ ലഭ്യമാകുമെന്ന് ഇവർ ആളുകളെ വിശ്വസിപ്പിക്കുന്നു. 2016 ൽ കേരളാ പോലീസിന്റെ സ്പെഷൽ ബ്രാഞ്ച് നടത്തിയ അന്വേഷണത്തിൽ 250- ൽ അധികം സാത്താൻ ആരാധനാ കേന്ദ്രങ്ങൾ കേരളത്തിലുള്ളതായി കണ്ടെത്തി. ഇതിൽ 20 എണ്ണം എറണാകുളം ജില്ലയിലാണ്. ഇവയിൽ ചിലത് താല്കാലിക കേന്ദ്രങ്ങളാണ്. പിടിക്കപ്പെടാതിരിക്കാൻ സ്ഥലം മാറി കൊണ്ടിരിക്കും. കോട്ടയം, തൃശ്ശൂർ, പത്തനം തിട്ട, ആലപ്പുഴ, ഇടുക്കി, തിരുവനന്തപുരം ജില്ലകളിൽ അഞ്ചിലേറെ കേന്ദ്രങ്ങളുണ്ട്. സാത്താന്യ ആരാധനാ കേന്ദ്രങ്ങളിലേറെയും മയക്കുമരുന്നിന്റെയും വ്യഭിചാരത്തിന്റെയും ശാലകളാണ്. സ്വവർഗഭോഗികളുടെയും പ്രകൃതി വിരുദ്ധരതിയിൽ ഏർപ്പെടുന്നവരുടെയും ഏറ്റവും സുരക്ഷിത താവളങ്ങളാണിത്. ഇത്തരം കേന്ദ്രങ്ങളിൽ പ്രവേശിക്കാൻ കടുത്ത നിയന്ത്രണങ്ങളുമുണ്ട്. കൂട്ടായ്മയിലെ ഒരംഗത്തിന്റെ കൂടെയല്ലാതെ പുതുമുഖങ്ങളെ സാധാരണ സ്വീകരിക്കാറില്ല.



നിലവിലുള്ള സമൂഹത്തിന്റെ മൂല്യവ്യവസ്ഥയെ തലകീഴായ് മറിക്കുന്നതാണ് സാത്താൻ ആരാധന. വ്യക്തികളുടെ മാനുഷിക മൂല്യനൈതികബോധങ്ങളെ ഇല്ലായ്മചെയ്ത് എന്തും ചെയ്യാനുള്ള മാനസികാവസ്ഥയിലേക്ക് അവരെ എത്തിക്കുന്നു. നന്മതിന്മ, പാപം പുണ്യം തുടങ്ങിയ വേർതിരിവുകൾ ഇല്ലാതായാൽ ആർക്കും എന്തും ചെയ്യാവുന്ന സ്ഥിതിവരും. ആഭിചാരക്രിയകളുടെ മറവിൽ വ്യഭിചാരക്രിയകളാണ് പലയിടത്തും നടക്കുന്നത്. അക്രമം, മയക്കുമരുന്ന്, ലൈംഗികത എന്നിവയുമായി ബന്ധപ്പെട്ടാണ് സാത്താന്യ ആരാധനാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. വ്യക്തിയുടെ മോഹങ്ങളെയും മോഹഭംഗങ്ങളെയും ഒരുപോലെ ഇക്കൂട്ടർ പ്രയോജനപ്പെടുത്തും. ചിത്തഭ്രമത്തിലേക്കും സാഡിസത്തിലേക്കും വളരുന്ന ഇത്തരം ക്രിയകൾ മനുഷ്യനിലെ മാനവികതയെ ഇല്ലായ്മ ചെയ്യുന്നവയാണ്. പുതിയ തലമുറ അനുഭവിക്കുന്ന അസ്വസ്ഥതകളെ ഇവർ മുതലാക്കുന്നു. പരിധിയില്ലാത്ത സ്വാതന്ത്ര്യം, കനത്ത ശമ്പളം, സുഖതൃഷ്ണ തുടങ്ങിയവയോടുള്ള ആഗ്രഹം എന്നിവയാണ് സാത്താൻകേന്ദ്രങ്ങളിലേക്ക് യുവജനങ്ങളെ എത്തിക്കുന്നത്.

മധ്യകാലഘട്ടത്തിൽ പല രീതിയിലുള്ള സാത്താന്യ ആരാധന ഉണ്ടായിരുന്നെങ്കിലും ആധുനിക സാത്താൻ സേവ തുടങ്ങുന്നത് 'സാത്താൻ സഭ' യുടെ ആവിർഭാവത്തോടെയാണ്. അതിന്റെ സ്ഥാപകനായ ആന്റൺ എസ് ലാവെ 1930-ൽ ചിക്കാഗോയിലുള്ള ഹോവാർഡ് സ്റ്റാൺടൻ ലിവെയിലാണ് ജനിച്ചത്. പിതാവ് ഒരു യഹൂദ മദ്യവില്പനക്കാരനും മാതാവ് റഷ്യൻ വംശജയുമായിരുന്നു. സ്കൂൾ പഠനം ഇടയ്ക്കു മുടക്കി ഒരു സർക്കസ് തൊഴിലാളിയും സംഗീതജ്ഞനുമായിത്തീർന്ന ലാവെ കുശാഗ്രബുദ്ധിശാലിയും പ്രത്യേക സ്വഭാവങ്ങൾക്ക് ഉടമയുമായിരുന്നു. സ്വന്തം പരിശ്രമത്തിൽ യൂണിവേഴ്സിറ്റിയിൽ നിന്നും കുറ്റകൃത്യ ശാസ്ത്രം പാസ്സായ അദ്ദേഹം സാൻഫ്രാൻസിസ്കോ പോലീസ് ഡിപ്പാർട്ടുമെന്റിൽ ഫോട്ടോഗ്രാഫറായി ജോലി സമ്പാദിച്ചു. അക്രമങ്ങളും കൊലപാതകങ്ങളും കണ്ടു മനംമടുത്തതതിനാൽ മൂന്നു വർഷങ്ങൾക്കു ശേഷം പുറത്തിറങ്ങി ഒരു സംഗീതജ്ഞനും മന്ത്രവിദ്യാ വിദഗ്ധനുമായിത്തീർന്നു. പിന്നീടുള്ള വർഷങ്ങളിൽ മന്ത്രവാദത്തെക്കുറിച്ചും ഗൂഢവിദ്യകളെക്കുറിച്ചും അദ്ദേഹം നിരന്തരമായി ക്ലാസ്സുകൾ എടുക്കുവാൻ തുടങ്ങി. അതിൽ ആകൃഷ്ടരായി മുന്നോട്ടു വന്നവർക്കായി സാൻഫ്രാൻസിസ്കോയിൽ 'മാന്ത്രിക വൃത്തം' എന്നൊരു സംഘത്തിന് രൂപം നൽകി. മനുഷ്യ ശരീരഭാഗങ്ങൾ ഭക്ഷിക്കുക എന്നതായിരുന്നു അവരുടെ പ്രധാന കർമ്മം. സാത്താനിക് തത്ത്വശാസ്ത്രം രൂപീകരിച്ചതും 'ചർച്ച് ഓഫ് സാത്താൻ' സ്ഥാപിച്ചതും ആന്റൺ ലാവേയാണ്.

1966 ഏപ്രിൽ 40 ന് വാൾപർഗിസ്നാക്റ്റിൽ വച്ച് ലാവെ ആചാരപരമായി തല മുണ്ഡനം ചെയ്യുകയും 'സാത്താൻ സഭ' സ്ഥാപിച്ചതായി പ്രഖ്യാപിക്കയും ചെയ്തു. 1966-ൽ എ.എസ്. (അനോ സാത്താനാസ്) ഒന്നാം വർഷമായി പ്രഖ്യാപിച്ചു. പത്രങ്ങൾ അദ്ദേഹത്തെ 'കറുത്ത മാർപാപ്പ' (The black Pope) ആയി ചിത്രീകരിച്ചു വലിയ വാർത്തകൾ നല്കി. സാത്താന്യ വിവാഹങ്ങൾക്കും സാത്താന്യ സ്നാനങ്ങൾക്കും സാത്താന്യ ശവസംസ്കാരങ്ങൾക്കും അയാൾ നേതൃത്വം നൽകി. അമേരിക്കൻ സർക്കാർ സാത്താൻ സഭയെ നിയമപരമായി അംഗീകരിക്കുകയും സംരക്ഷിക്കുകയും ചെയ്തു. (തുടരും...)

## സാക്ഷി



സാത്താൻ ആരാധനയുടെ പേരിൽ തിരുവനന്തപുരത്ത് യുവാവ് കുടുംബാംഗങ്ങളെ കൂട്ടക്കൊല ചെയ്തു - **വാർത്ത**

*ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക. അവൻ വൃദ്ധനായാലും വിട്ടുമാറുകയില്ല.*

# പി.സി.എൻ.എ.കെ. 2017 പ്രൊമോഷണൽ മീറ്റിംഗുകൾ

● രാജൻ ആര്യപ്പള്ളിൽ, നാഷണൽ മീഡിയ കോർഡിനേറ്റർ

**ഒഹായോ:** ജൂൺ 29 മുതൽ ജൂലൈ 2 വരെ ഒഹായോയിൽ കൊളംബസ് പട്ടണം ആതിഥേയത്വം അരുളുന്ന മുപ്പത്തി അഞ്ചാമത് കോൺഫറൻസിന്റെ പ്രൊമോഷണൽ മീറ്റിംഗുകൾ അമേരിക്കയുടെ പകുതിയിലധികം സ്റ്റേറ്റുകളിൽ നടത്തി. എല്ലായിടത്തും നല്ല പ്രതികരണമാണ് ഉണ്ടായതെന്നും ഇത് കോൺഫറൻസിനു കരുത്തേകുന്നതായി കൺവീനർ പാസ്റ്റർ ടോമി ജോസഫ് അറിയിച്ചു.

കോൺഫറൻസിന്റെ പ്രൊമോഷണൽ മീറ്റിംഗുകളിൽ ശുശ്രൂഷകന്മാരുടെയും വിശ്വാസികളുടെയും പിന്തുണയും പങ്കാളിത്തവും ഉറപ്പാക്കുവാൻ കഴിഞ്ഞു എന്ന് നാഷണൽ സെക്രട്ടറി ജെയിംസ് ഏബ്രഹാം പ്രസ്താവിച്ചു.

വിശ്വാസസമൂഹത്തിന്റെ അഭ്യർത്ഥനയെ മാനിച്ചു കോൺഫറൻസിന്റെ രജിസ്ട്രേഷൻ ആനുകൂല്യങ്ങൾ ഏപ്രിൽ 30 വരെ നീട്ടിയിരിക്കുന്നു എന്നും, ഈ അവസരം തക്കത്തിലുപയോഗിച്ചുകൊണ്ട് പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ എത്രയും പെട്ടെന്ന് തന്നെ രജിസ്റ്റർ ചെയ്ത് കോൺഫറൻസ് വൻവിജയമാക്കാൻ സഹകരിക്കണമെന്നും നാഷണൽ ട്രഷറാർ സാക്ക് ചെറിയാൻ അഭ്യർത്ഥിച്ചു.

ഏപ്രിൽ മാസം 30 പിസിനാക്ക് 2017 നാഷണൽ പ്രാർത്ഥനാദിനം ആകയാൽ ഈ ദിവസം എല്ലാ സഭകളും കോൺഫറൻസിനുവേണ്ടി പ്രത്യേകാൽ പ്രാർത്ഥിക്കുകയും, അന്നേദിവസം പ്രത്യേക ഓഫറിങ് എടുത്ത് കോൺഫറൻസിനുവേണ്ടി നൽകി സഹായിക്കുകയും ചെയ്യണമെന്ന് ഭാരവാഹികൾ അറിയിച്ചു.

**കൂടുതൽ വിവരങ്ങൾക്ക്:** പാസ്റ്റർ ടോമി ജോസഫ് (നാഷണൽ കൺവീനർ), ബ്രദർ ജെയിംസ് ഏബ്രഹാം (നാഷണൽ സെക്രട്ടറി), ബ്രദർ സാക്ക് ചെറിയാൻ (നാഷണൽ ട്രഷറാർ), ബ്രദർ ജോഷിൻ ഡാനിയേൽ (യൂത്ത് കോർഡിനേറ്റർ), ഡോ. റെനി ജോസഫ് (ലേഡീസ് കോർഡിനേറ്റർ), സിസ്റ്റർ മിനി ജോൺ (ചിൽഡ്രൻസ് കോർഡിനേറ്റർ) എന്നിവരുമായി ബന്ധപ്പെടുക. കോൺഫറൻസ്.

**Website: www.pcnak2017.org**

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
OFFC: 0469 2666995
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

## അക്ഷരങ്ങളുടെ അത്ഭുതലോകം - I

# വായനയൊരുക്കുന്ന വിസ്മയങ്ങൾ



ടീയെസ് കപ്പമാംമ്മൂട്ടിൽ

അറിവുകളാൽ സമ്പുഷ്ടമായൊരു അത്ഭുത പ്രപഞ്ചം നമ്മുടെ കയ്യെത്തുന്ന ദൂരത്തു തന്നെയുണ്ടെങ്കിലും, ബഹുഭൂരിപക്ഷത്തിന്റെയും അമൂല്യമായ ജീവിതം ആ അറിവുകൾ ഉൽക്കൊള്ളുന്നതിനു മുമ്പ് എരിഞ്ഞടങ്ങുന്ന ശോചനീയാവസ്ഥയാണിന്ന്.

വായന നമ്മുടെ മുമ്പിൽ തുറന്നു തരുന്നത് ആ ലോകത്തിലേക്കുള്ള വാതായനങ്ങൾ. അലാവുദ്ദീന്റെ അത്ഭുത വിളക്കൊരുക്കുന്ന മായാപ്രപഞ്ചത്തെ നിഷ്പ്രഭമാക്കുന്ന ആ വിസ്മയ ലോകം നമ്മുടെ ബാഹ്യദൃഷ്ടികൾക്ക് അഗോചരമാണ്. ആ ലോകത്തെ കൺകുളിർക്കെ കാണുവാനും, അതിനുള്ളിലെ കണ്ണഞ്ചിപ്പിക്കുന്ന ദൃശ്യങ്ങൾ ആസ്വദിക്കുവാനും, വായനയിലൂടെ ലഭിക്കുന്ന അറിവുകൾ പ്രദാനം ചെയ്യുന്ന ആശയങ്ങൾ സ്വായത്തമാക്കുവാനും കഴിയണമെങ്കിൽ നമ്മുടെ ഹൃദയദൃഷ്ടികൾ പ്രകാശിക്കപ്പെടണം.

വിദ്യാസമ്പന്നരെന്ന് അവകാശപ്പെടുന്ന ആധുനിക തലമുറയിൽ ഒരു നല്ല വിഭാഗത്തിന്റെയും വായന, സർവ്വകലാശാലകൾ അവരുടെ ശിരസ്സിൽ അടിച്ചേല്പിക്കുന്ന സിലബസ്സിന്റെ അതിരുകൾക്കുള്ളിൽ ദൗർഭാഗ്യവശാൽ ഒതുങ്ങി നില്ക്കുന്നു. 'സ്റ്റാറ്റസ് സിംബലി'ന്റെ പരിവേഷമുള്ള വെള്ള പൂശിയ തസ്തികകൾ കൈക്കുമ്പിളിലൊതുക്കാൻ കമ്പോളത്തിൽ അനുദിനവും അരങ്ങേറിക്കൊണ്ടിരിക്കുന്ന മത്സരങ്ങൾ അതിരൂക്ഷമായ ജീവമരണപോരാട്ടങ്ങളായി പരിണാമം പ്രാപിക്കുമ്പോൾ, അറിവുകൾ സ്വായത്തമാക്കുവാനുള്ള ഉൽക്കടമായ ദാഹത്തിന് എന്തു പ്രസക്തിയെന്ന് ചോദിച്ചു പോകുന്ന സമൂഹം.

മറ്റൊരു തൊഴിലുമില്ലാത്തവർക്കും, ജീവിത സായാഹ്നം വിരസത കൂടാതെ തള്ളി നീക്കുവാൻ ആഗ്രഹിക്കുന്നവർക്കും പറ്റിയ പണിയാണ് വായനയെന്ന് തെറ്റിധരിച്ചിരിക്കുന്ന ശുദ്ധഗതിക്കാരുണ്ട്. വായനയ്ക്കായി നഷ്ടമാക്കുന്ന നിമിഷങ്ങൾ നാലു കാശ് കയ്പിടിയിലൊതുക്കാൻ ചെലവിടുന്നതാണ് ബുദ്ധിയെന്ന് ഈ വിഭാഗം കരുതുന്നു. ഈ ചിന്താഗതി തികച്ചും അബദ്ധജഡിലമാണ്. മനുഷ്യമനസ്സിനെ വിഷലിപ്തമാക്കുന്ന വർഗ്ഗീയതയും, തീവ്രവാദവും, ജാതിമതചിന്തകളും ആവിർഭവിക്കുന്നത് വായനയില്ലാത്തതിന്റെ ഫലമായി വളർച്ച മുരടിച്ചുപോയ സങ്കുചിത മനസ്സുകളിലാണ്.

ആശയങ്ങളെ ആശയങ്ങൾ കൊണ്ടുനേരിടുന്നത് വായന ജീവിത ശൈലിയുടെ ഭാഗമാക്കി മാറ്റിയ സംസ്കാര സമ്പന്നരുടെ ലക്ഷണം. എന്നാൽ ഇടുങ്ങിയ മനസ്സുകളുടെ ഉടമകൾ ആശയങ്ങളെ കായബലം കൊണ്ട് കൈകാര്യം ചെയ്യുവാനാണ് ഇഷ്ടപ്പെടുന്നത്. വ്യത്യസ്തമായ അഭിപ്രായങ്ങളും ചിന്താഗതികളും വച്ചു പുലർത്തുന്നവരുടെ കഴുത്തിൽ കോഴിയെ കൊല്ലുന്ന ലാഘവത്തോടെ കത്തിവയ്ക്കുവാൻ മടിക്കാത്ത ഈ മനുഷ്യമൃഗങ്ങളുടെ സംസ്കാര ശൂന്യത എത്ര ഹൃദയഭേദകം. കടുത്ത ആശയ ദാരിദ്ര്യമനുഭവിക്കുന്ന, മാനസിക വളർച്ച പ്രാപിക്കാത്ത ഈ വിഭാഗം വാനരചേഷ്ടകളിലൂടെ വാരി വിതറിയ തീക്കനലുകൾ കഴിഞ്ഞ കാലങ്ങളിൽ എന്തെല്ലാം ദുരന്തങ്ങൾക്കാണ് ബീജാവാപമേകിയത്.

സമൂഹത്തിൽ ജീവിക്കുമ്പോൾ സഹജീവികളുടെ ദുഃഖവും വേദനകളും കണ്ടില്ലെന്നു നടിച്ചു തിമിർത്തു ജീവിക്കുന്ന നമ്മുടെ സ്വാർത്ഥത എരിഞ്ഞടങ്ങുന്നത് വായനയിൽ കത്തിയുയരുന്ന തീനാളങ്ങളിലാണ്.

വായനപ്രദാനം ചെയ്യുന്നത് മനസ്സിനെയും ആത്മാവിനെയും ഒരുപോലെ തുടിപ്പിക്കുന്ന നവ്യവും ദിവ്യവുമായ അനുഭൂതികൾ. ഈ അനുഭവം സ്വന്തമാക്കിയ മഹദ്വ്യക്തിയാണ് ഹാരോൾഡ് ജെ. ഓക്കെൻഗാ. വിവാഹശേഷം മധുവിധു ആഘോഷിക്കുവാൻ നവവധുവിനോടൊപ്പം വിദൂരദേശത്തേക്ക് യാത്രയാകുമ്പോൾ ഒരു സൂട്ട്കെയ്സ് നിറയെ പുസ്തകങ്ങൾ കരുതിയ അദ്ദേഹത്തിന്റെ വാക്കുകൾ വായനയുടെ ശ്രേഷ്ഠതയിലേക്ക് വിരൽ ചൂണ്ടുന്നു. "ഹൃദയത്തിന്റെ ആഴങ്ങളെ പ്രചോദനങ്ങൾ കൊണ്ട് നിറച്ചു കൊണ്ടിരിക്കുവാൻ നിരന്തരം വായിച്ചു കൊണ്ടിരിക്കുക."

ഏറ്റവും വിശ്വസ്തരായ സ്നേഹിതരാണ് ഉത്തമ ഗ്രന്ഥങ്ങൾ. ജീവിത യാത്രയിൽ വേർപിരിയാതെ നമ്മോടു ചേർന്നു നടക്കുന്ന ഈ ആത്മാർത്ഥ സ്നേഹിതർ പ്രതിസന്ധികളിൽ നമ്മെ ധൈര്യപ്പെടുത്തുകയും, പാദങ്ങൾ പതറുന്നു എന്നു തോന്നുമ്പോൾ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്ന സാരോപദേശങ്ങൾ കാതുകളിലോതിമുമ്പോട്ടു ചുവടുകൾ വയ്ക്കാൻ പ്രചോദനം നൽകുകയും ചെയ്യുന്നു.

ശ്രദ്ധേയമാണ് വായനയിലൂടെ ആത്മീയ മർമ്മങ്ങൾ ഉൾക്കൊള്ളുന്ന അത്ഭുതലോകത്തെ അടുത്തറിഞ്ഞ വയോധികനായ പൗലൊസ് തന്റെ അവസാന നിമിഷങ്ങളിൽ റോമൻ കാരാഗൃഹത്തിൽ നിന്നും തീമൊഥെയൊസിനെ അഭിസംബോധന ചെയ്തു കൊണ്ട് എഴുതിയ ലേഖനത്തിൽ കുറിച്ചിട്ട വാക്കുകൾ. "ഞാൻ ത്രോവാസിൽ കർപ്പൊസിന്റെ പക്കൽ വെച്ചേച്ചു പോന്ന പുതപ്പും പുസ്തകങ്ങളും വിശേഷാൽ ചർമ്മലിഖിതങ്ങളും നീ വരുമ്പോൾ കൊണ്ടുവരിക"(2തിമൊ:4:13). ഈ പശ്ചാത്തലം മനസ്സിൽ കണ്ടുകൊണ്ട് സി.എച്ച്. സ്പർജൻ ഉരുവിട്ട വാക്കുകൾ എത്ര അർത്ഥപൂർണ്ണം.

"നിങ്ങൾക്കു ചിന്തിക്കുവാൻ കഴിയുമൊ? സ്വർഗ്ഗത്തോളം എടുക്കപ്പെടുകയും മടങ്ങിവരികയും ചെയ്ത

06




# പ്രതീക്ഷയെ പ്രലോഭനമാക്കുന്ന സാത്താന്യ നയങ്ങൾ!!



ഷൈജു ഡാനിയേൽ

ഇനിയും അല്പകാലം മാത്രമേ അവശേഷിക്കുന്നുള്ളൂ എന്ന തിരിച്ചറിവുള്ള പൈശാചിക സാമ്രാജ്യങ്ങൾ വളരെ തന്ത്രപരമായി നീങ്ങുകയാണ് ഇപ്പോൾ. ഏതൊക്കെ മാർഗ്ഗങ്ങളിലൂടെ ദൈവജനത്തെയും ദൈവസഭകളെയും വശീകരിച്ചു പരാജയപ്പെടുത്താൻ കഴിയും എന്നതിന്റെ വഴികൾ തേടുകയാണ് ശത്രുസംഘങ്ങൾ. പ്രലോഭന മാർഗ്ഗങ്ങളിലൂടെ പ്രത്യക്ഷമായോ പരോക്ഷമായോ നമ്മെ സമീപിച്ചു വളരെ നയപരമായി കീഴ്പ്പെടുത്തി ദൈവീകതയ്ക്കെതിരെ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും നാം അറിഞ്ഞോ അറിയാതെയോ പ്രേരിപ്പിക്കപ്പെടുന്നു. ഒരു പക്ഷെ സാത്താന്യ പ്രലോഭന മാർഗ്ഗങ്ങളിലൂടെ പ്രത്യക്ഷമായോ പരോക്ഷമായോ നമ്മെ സമീപിച്ചു വളരെ നയപരമായി കീഴ്പ്പെടുത്തി ദൈവീകതയ്ക്കെതിരെ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും നാം അറിഞ്ഞോ അറിയാതെയോ പ്രേരിപ്പിക്കപ്പെടുന്നു. ഒരു പക്ഷെ സാത്താന്യ പ്രലോഭന വസ്തുക്കൾ, ദൈവത്തിന്റെ വിലക്കുകൾ ആയിരിക്കാം. അല്ലെങ്കിൽ വിലക്കുകൾക്കു പകരം ദൈവത്തിങ്കൽ നിന്നുമുള്ള നമ്മുടെ പ്രതീക്ഷകൾ ആയിരിക്കാം. എല്ലായ്പ്പോഴും നമുക്ക് ദൈവത്തിങ്കൽ നിന്നും ചില പ്രതീക്ഷകൾ ഉണ്ട്...ഒരു പരിധി വരെ അത്തരത്തിലുള്ള പ്രതീക്ഷകൾ ആയിരിക്കും ദൈവവുമായി നമ്മെ ബന്ധിപ്പിച്ചു നിർത്തിയിരിക്കുന്നതും. ദൈവവുമായിട്ടുള്ള അകലം കൂടാതെ നമ്മെ ദൈവത്തോടടുപ്പിച്ചു നിർത്തുന്ന ഇത്തരം പ്രതീക്ഷകളെ വളരെ തന്ത്രപൂർവ്വം സാത്താൻ നമുക്കെതിരെ തന്നെ പ്രയോഗിക്കാറുണ്ട്. നാം ദൈവത്തിങ്കൽ നിന്നും പ്രതീക്ഷിക്കുന്നവയിലൂടെ നമ്മെ പരാജയപ്പെടുത്താനുള്ള തന്ത്രങ്ങൾ!!

വാഗ്ദത്ത മശിഹയ്ക്കായി ആവലോടെ കാത്തിരിക്കുന്ന യഹൂദജനം, രാജ്യസ്ഥാപനാർത്ഥം ദൈവത്തിങ്കൽ നിന്നും കടന്നുവരുന്ന മശിഹാ, അവരുടെ പ്രമോദവും അഭിമാനവും ആയിരുന്ന യെരുശലേം ദൈവാലയാഗ്രം വഴി ആയിരിക്കും എന്ന് അവർ പ്രതീക്ഷിച്ചിരുന്നു!! ദൈവാലയാഗ്രത്തിൽ പ്രത്യക്ഷപ്പെടുന്ന പ്രതീക്ഷിത മിശിഹാ അവിടെ നിന്നും താഴേക്കു ചാടുകയും പിതാവായ ദൈവം മിശിഹായുടെ കാൽ കല്ലിൽ തട്ടുന്നതിനു മുമ്പ് കൈകളിൽ വഹിക്കുകയും ചെയ്യുമെന്ന് യൂദജനം ഒന്നടങ്കം പ്രതീക്ഷിച്ചിരുന്നു!! ഇവരുടെ ഈ പ്രതീക്ഷയെ മറയാക്കിയാണ് ക്രിസ്തുവിനു മുമ്പിൽ അവതരിപ്പിച്ച ഏറ്റവും അപകടകരമായ പ്രലോഭനവുമായി പിശാച് യേശുവിനെ സമീപിക്കുന്നത്–"നീ ദൈവപുത്രൻ എങ്കിൽ ഇവിടെനിന്നു താഴോട്ടു ചാടുക "നിന്നെ കാപ്പാൻ അവൻ തന്റെ ദൂതന്മാരോടു നിന്നെക്കുറിച്ചു കല്പിക്കുകയും നിന്റെ കാൽ കല്ലിനോടു തട്ടാതവണ്ണം അവർ നിന്നെ കയ്യിൽ താങ്ങിക്കൊള്ളുകയും ചെയ്യും" എന്നു എഴുതിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു". മിശിഹായുടെ വരവിനെക്കുറിച്ചുള്ള അവരുടെ പ്രതീക്ഷയെ തന്ത്രപൂർവ്വം ഉപയോഗിച്ച് യേശുവിനെ ദൈവാലയാഗ്രത്തിൽ നിന്നും ചാടുവാൻ ക്ഷണിക്കുമ്പോൾ മാനവകുലത്തിന്റെ പാപത്തിന്റെ പരിഹാരാർത്ഥം നടക്കേണ്ട ക്രിസ്തുവിന്റെ ക്രൂശുമരണത്തെ തടയുക എന്നതായിരുന്നു അതിനു പിന്നിലെ ഗൂഢ ലക്ഷ്യം!! സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കാതിരിക്കുവാനുള്ള ഗൂഢ ലക്ഷ്യം!!.

പലപ്പോഴും ദീർഘവർഷങ്ങളായി ദൈവത്തിങ്കൽ നിന്നും പ്രതീക്ഷയോടെ കാത്തിരിക്കുന്നത് നമ്മുടെ മുമ്പിൽ വരുമ്പോൾ അതിനെകുറിച്ച് ഒരന്വേഷണം നാം നടത്താറില്ല. നാം എന്തിനെകുറിച്ചു ഏറെ വ്യാകുലപ്പെട്ടിരിക്കുന്നു എന്ന് തിരിച്ചറിയുന്ന സാത്താൻ അതിനു പരിഹാരമായി സ്വർഗ്ഗീയമായതെന്നു വിശ്വസിക്കാൻ പാകത്തിൽ നമുക്ക് മുമ്പിൽ അവരെ അവതരിപ്പിക്കും. ഒട്ടനവധി നാളുകളായി പ്രാർത്ഥിക്കുകയും കാത്തിരിക്കുകയും ചെയ്യുന്ന ദൈവീക പ്രവർത്തികൾക്ക്, മറുപടികൾക്ക്, വിടുതലുകൾക്ക്, സൗഖ്യങ്ങൾക്ക്–ദൈവത്തിങ്കൽ നിന്നും ലഭിക്കുന്നതിന് സമാനമായ പരിഹാര മാർഗ്ഗങ്ങൾ നമ്മുടെ മുമ്പിൽ എത്തുമ്പോൾ കണ്ണുമടച്ചു നാം എല്ലാറ്റിനെയും ദൈവീകമാണെന്ന് കരുതി സ്വീകരിക്കും. ദൈവീകമായതിനെയും സാത്താന്യമായതിനെയും തിരിച്ചറിയുക പ്രഥമ വീക്ഷണത്തിൽ ശ്രമകരമാണെങ്കിലും വസ്തുതകളെ ശരിയായ ദൈവവചന വീക്ഷണത്തിൽ ദർശിക്കുന്നവർക്കു വേഗത്തിൽ പിടികിട്ടും!!! അത് ചിലപ്പോൾ അത്ഭുതങ്ങളാണ്, ചിലപ്പോൾ രോഗശാന്തിയായി, ചിലപ്പോൾ സാമ്പത്തിക വിടുതലുകളായി, ചിലപ്പോൾ അധികാരമായി ഒക്കെ നമുക്ക് മുമ്പിൽ വരാം!! നമ്മുടെ മുമ്പിൽ നാം പ്രതീക്ഷിച്ചതു പ്രത്യക്ഷമാകുമ്പോൾ ദൈവീകമാണെന്ന് കരുതി സ്തോത്രം പറഞ്ഞു അത് സ്വീകരിക്കുമ്പോൾ മിക്കപ്പോഴും ദൈവാലയാഗ്രങ്ങളിൽ നിന്നും പിശാചിന്റെ വെല്ലുവിളി ഏറ്റെടുത്തു ചാടി ചാകുകയാണ് എന്ന് നാമറിയണം!! ഞാൻ ആഗ്രഹിച്ചതും പ്രാർത്ഥിച്ചതും പോലെ ദൈവമെനിക്ക് തന്നു എന്ന അവകാശവാദം ഉന്നയിക്കുമ്പോൾ ലഭിക്കപ്പെട്ടതിന്റെ ഉറവിടങ്ങൾ വിവേകപൂർവ്വം പരിശോധിക്കുന്നത് നമ്മുടെ നിലനിൽപ്പിനു ഏറെ സഹായകമാകും!!

നാം പ്രതീക്ഷിച്ചതു പോലെയെല്ലാം കാര്യങ്ങൾ നടക്കുകയും ലഭിക്കുകയും ചെയ്യുന്നു എന്നതു കൊണ്ട് ദൈവഹിതത്തിന്റെ വൃത്തത്തിനകത്താണ് നാം എന്ന ചിന്ത എപ്പോഴും ശരിയാകണം എന്നില്ല. നമുക്കനുകൂലമായി സംഭവിക്കുന്നതെല്ലാം ദൈവഹിതമാണെന്ന നിരർത്ഥക വാദം സാത്താന്യമാണ്. ചിലയവസരങ്ങളിൽ ഒക്കെ നമുക്കിഷ്ടമല്ലാത്തതും നാം പ്രതീക്ഷിക്കാ

06

## എനിക്കും പറയാനുണ്ട്

# നമ്മുടെ യുവജനതയ്ക്ക് എന്തുപറ്റി?



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

തിരുവനന്തപുരം നന്തൻകോട്ട് മാതാപിതാക്കളെയും സഹോദരിയെയും ബന്ധുവിനെയും കൊലപ്പെടുത്തിയ കേദൽ ജിൻസൻ രാജിന്റെ കൊടും ക്രൂരതയാണ് കേരളം വേദനയോടെ ചർച്ച ചെയ്യുന്നത്. തിരുവനന്തപുരത്ത് ക്ലിഫ് ഹൗസിനു സമീപം ധനാഢ്യരുടെ താമസസ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഭവനത്തിൽ നടന്ന കിരാത സംഭവം ഒട്ടൊരു ഞടുക്കത്തോടെയാണ് കേരളം കേട്ടത്. ഉന്നത ഉദ്യോഗസ്ഥരും ധനാഢ്യരുമായിരുന്ന പ്രൊഫസർ രാജ തങ്കം-ഡോ. ജീൻ പത്മ എന്നിവരുടെ മകനാണ് ക്രൂരത കാട്ടിയത്. സാത്താൻ സേവയുടെ ഭാഗമായി ശരീരത്തിൽ നിന്ന് ആത്മാവിനെ വേർപെടുത്തുന്ന പരീക്ഷണത്തിന്റെ ഭാഗമാണ് എന്നത്രേ പ്രതിയുടെ ആദ്യമൊഴികൾ. അച്ഛന്റെ സ്വഭാവദൂഷ്യത്തെക്കുറിച്ചും കേദൽ പറഞ്ഞത്രേ. കുടുംബത്തിൽ തനിക്ക് നേരിടേണ്ടി വന്ന ഒറ്റപ്പെടുത്തലുകൾ ആണ് ഈ കൊടും ക്രൂരതയ്ക്ക് കാരണമായി പോലീസിനോട് പറഞ്ഞതെന്നും റിപ്പോർട്ടുകൾ പുറത്തുവന്നിട്ടുണ്ട്. സാത്താൻ സേവകർ കേരളത്തിൽ പിടിമുറക്കുന്ന എന്ന വാർത്ത ഞെട്ടിപ്പിക്കുന്നതാണ്. നമ്മുടെ സാക്ഷരകേരളത്തിന് എന്തുപറ്റി? ആത്മീയതയുടെയും മറ്റും മറവിൽ ഏറ്റവും കൂടുതൽ കബളിപ്പിക്കൽ നടത്തുന്ന ഇടമായി കൊച്ചുകേരളം മാറിക്കഴിഞ്ഞു.

നമ്മുടെ യുവതലമുറ ഇന്ന് വഴി തെറ്റി ഓടുകയാണ്. മദ്യവും മയക്കുമരുന്നും മദിരാക്ഷിയും ജീവിതത്തിന്റെ ഭാഗമായി മാറ്റിയ ഒരു തലമുറ ഗതി മാറി നാശത്തിലേക്ക് അതിവേഗം ഓടുകയാണ്. ഒരുകാലത്ത് നമ്മുടെ യുവജനത നമുക്ക് അഭിമാനമായിരുന്നു. കാലം മാറിയപ്പോൾ പാശ്ചാത്യ സംസ്കാരത്തിന്റെയും ജീവിതശൈലിയുടെയും കടന്നുകയറ്റം നമ്മുടെ യുവതലമുറയെ വഴിതെറ്റിച്ചു. ഡാൻസ് ബാറുകളും മദ്യ-മയക്കുമരുന്ന് പാർട്ടികളുമായി അവർ മറ്റൊരു ലോകത്ത് അഭിരമിക്കുകയാണ്. ഐ.ടി. പോലെയുള്ള തൊഴിൽ മേഖലകളിലെ വ്യത്യസ്തമായ സംസ്കാരവും അതിവേഗം നടക്കുന്ന നഗരവത്ക്കരണവും നഗരങ്ങളിൽ ഇരുളിൽ നടക്കുന്ന അധാർമ്മിക പ്രവർത്തികളുമൊക്കെ യുവജനങ്ങളെ പെട്ടെന്ന് ആകർഷിച്ചിരിക്കുന്നു. വിളക്കിന്റെ ഇത്തിരി വെട്ടത്തിലേക്ക് പ്രതീക്ഷയോടെ പറന്നടുക്കുന്ന നിശാ ശലഭത്തിന്റെ ചിറകുകൾ കരിഞ്ഞ് പറക്കുവാനുള്ള ശേഷി നഷ്ടപ്പെട്ട് പ്രാണൻ വെടിയുന്ന അവസ്ഥയാണ് ഇന്നത്തെ യുവതലമുറയുടേത്. അവരെ ആകർഷിക്കുന്ന മായികപ്രപഞ്ചം നാശത്തിലേക്ക് തള്ളിവിടും എന്നത് അവർ അറിയുന്നില്ല.

ദേശസ്നേഹത്തിലും രാഷ്ട്രീയ ചിന്തയിലും പ്രബുദ്ധരായിരുന്നു ഒരുകാലത്ത് കേരളത്തിലെ യുവജനത. കേരള സമൂഹത്തിന്റെ ഗതിഭേദങ്ങളെ നിശ്ചയിക്കുവാൻ ആർജ്ജവമുള്ള അവരുടെ പ്രതികരണങ്ങൾ ഇവിടെ എത്രയോ മാറ്റങ്ങൾ വരുത്തിയിരുന്നു. അനീതിക്കും അഴിമതിക്കുമെതിരെ അവർ നടത്തിയിട്ടുള്ള മുന്നേറ്റങ്ങൾ ഇവിടെ എത്രയോ മാറ്റങ്ങളാണ് കൊണ്ടുവന്നിട്ടുള്ളത്. ഒരു കാലത്ത് രാഷ്ട്രീയരംഗത്തും നമ്മുടെ യുവജനത സ്വാധീനം ചെലുത്തിയിരുന്നു.

ഭാരതത്തിനാകെ മാതൃകയും അഭിമാനവുമായിരുന്നു കേരളം ഒരുകാലത്ത്. സാക്ഷരരംഗത്തും വൈദ്യശാസ്ത്രമേഖലയിലും രാഷ്ട്രീയരംഗത്തും ശക്തമായ മുന്നേറ്റം നടത്തിയ കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് എന്നും മാതൃകയായിരുന്നു. വിദ്യാഭ്യാസം നേടി മറ്റ് സംസ്ഥാനങ്ങളിലേക്കും രാജ്യങ്ങളിലേക്കും അവർ കുടിയേറി. വിദേശനാണ്യ ഒഴുകിയെത്തിയപ്പോൾ ജീവിതശൈലിയും ഏറെ മാറി. മതസൗഹാർദ്ദത്തിനും കുടുംബബന്ധങ്ങൾക്കും വളരെ പ്രാധാന്യം കല്പിച്ചവരായിരുന്നു കേരളീയർ.

മാറ് മറയ്ക്കുവാനുള്ള അവകാശത്തിനായി സമരം ചെയ്തവരുടെ നാടാണിത്. എന്നാൽ കാലം മാറിയപ്പോൾ നടക്കുന്ന സമരങ്ങൾ ഇതിനെല്ലാം വിപരീതമായി. തെരുവിൽ പരസ്യമായി ചുംബനം ചെയ്യുന്നതിനുള്ള അവകാശത്തിനായി ഒരു കൂട്ടർ സമരം ചെയ്തപ്പോൾ നമ്മുടെ യുവജനത എവിടെയെത്തി നിൽക്കുന്നു എന്നതിന് ഉത്തരമായി. കൊല്ലുംകൊലയും ഇന്ന് കേരളത്തിന് പുത്തിരിയല്ല. രാഷ്ട്രീയത്തിന്റെയും മതത്തിന്റെയും പേരിൽ പരസ്പരം കൊന്നൊടുക്കുവാൻ ഇറങ്ങിതിരിക്കുന്നതിൽ 99 ശതമാനവും വിവേകം നഷ്ടപ്പെട്ട യുവജനതയാണ്. വിവിധ വേഷങ്ങൾ കെട്ടി അവർ ആടുകയാണ്. സദാചാരപോലീസ്, രാഷ്ട്രീയപ്രവർത്തകർ, മതസംരക്ഷകർ, മയക്കുമരുന്ന് മാഫിയകൾ, പിടിച്ചുപറിക്കാർ ഇങ്ങനെ യുവത വഴിമാറിയോടുന്നു. സിനിമാ നടിയെ പീഡിപ്പിച്ചതിന് കണ്ണീരൊഴുക്കിയവർ പിഞ്ചുകുഞ്ഞുങ്ങൾ പീഡകരുടെ കരാളഹസ്തങ്ങളിൽ പിടഞ്ഞൊടുങ്ങിയപ്പോഴും മകന്റെ മരണത്തിൽ വേദനയോടെ നിലവിളിച്ച അമ്മയെ നടുറോഡിൽ പോലീസ് വലിച്ചിഴച്ചപ്പോഴും മൗനമായിരുന്നു. ബുദ്ധിജീവികൾ ചമഞ്ഞ് പലരും ടി.വി. ഷോകളിൽ ചർച്ച കൊഴുപ്പിക്കുന്നു. ഇവിടെ ഒരു തലമുറ തെറ്റായ വഴിയിൽ ഓടുകയാണ്. മാതാപിതാക്കൾ അറിയാതെ അവർ അഴുക്കുചാലിൽ നീന്തുകയാണ്. മദ്യം, മയക്കുമരുന്ന്, ദേശവിരുദ്ധ പഠിപ്പിക്കലുകളൊക്കെ അവരുടെ ശിരസ്സിൽ തത്തി കളിക്കുന്നു.

ഐ.എസ്. എന്ന ഭീകരസംഘടനയ്ക്ക് ചാവേറാകുവാൻ നമ്മുടെ കൊച്ചുകേരളത്തിൽ നിന്നും ചില യുവതീയുവാക്കളെ കിട്ടി എന്നത് നമ്മെ ഞെട്ടിച്ചു. അവരിൽ ചിലരെങ്കിലും അഫ്ഗാനിസ്ഥാനിലും മറ്റും ഒടുങ്ങി. നമ്മുടെ യുവാക്കൾക്ക് മാതൃകയാകുവാൻ അവരുടെ ചിന്തകളിലും ജീവിതത്തിലും തീപ്പൊരിയിടുവാൻ പ്രാപ്തിയുള്ള ആരും ഇന്നില്ല എന്നതാണ് ദുഃഖകരമായ യാഥാർത്ഥ്യം. ഒരു തലമുറയ്ക്ക് ദിശാബോധം നൽകുവാൻ കഴിയുന്ന നേതൃത്വത്തെ കാണ്മാനില്ല.

ഈ യുവതലമുറയുടെ പോക്കിൽ മനം നൊന്ത് കരയുന്ന മാതാപിതാക്കൾക്ക് ആശങ്കയുളവാക്കുന്ന വാർത്തയാണ് സാത്താന്യ ആരാധനയുമായി ബന്ധപ്പെട്ട് പുറത്തുവരുന്ന വാർത്തകൾ. അവരുടെ തള്ളിക്കയറ്റം നമ്മുടെ പട്ടണങ്ങളിൽ ശക്തമാണെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ. നാം ജാഗരൂകരാകേണ്ട കാലം കഴിഞ്ഞു. നമ്മുടെ മക്കളെ ചൊല്ലി കരയേണ്ട കാലമാണിത്. അല്ലായെങ്കിൽ നാളെ നാം ദുഃഖിക്കേണ്ടിവരും. കേദൽ നൽകുന്ന പാഠം അതാണ്.

# ഇടയ ലേഖനങ്ങൾ

## (The Pastoral Epistles)



വേദപഠനം

-തുടർച്ച-



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

ധനികനായ പ്രബോധനപുത്രൻ എന്ന അർത്ഥമുള്ള ബർന്നബാസ് എന്ന് അപ്പോസ്തലന്മാർ മറുപേർ വിളിച്ച കുപ്രദ്വീപുകാരനായ യോസേഫ് എന്നൊരു ലേവ്യൻ തനിക്കുണ്ടായിരുന്ന നിലം വിറ്റു പണം കൊണ്ടുവന്ന് അപ്പൊസ്തലന്മാരുടെ കാല്ക്കൽ വച്ചു അപ്പോ. പ്ര. 4:37. ഈ പണം ഒക്കെയും പാവപ്പെട്ടവരുടെയും വിധവമാരുടെയും അനാഥരുടെയും ഉന്നമനത്തിനുവേണ്ടിയും പുരോഗതിയ്ക്കുവേണ്ടിയും ഉപയോഗിച്ചു അപ്പൊ.പ്രവ.4:32-35. ഇതുകൊണ്ട് ക്രിസ്തീയ സഭകളും ക്രൈസ്തവ വിശ്വാസികളും ജീവകാരുണ്യ പ്രവർത്തനങ്ങളിലും പ്രവർത്തികളിലും വിശ്വസിക്കുകയും സമൂഹത്തിനുവേണ്ടിയും അനാഥാലയങ്ങൾക്കും ഭവനസന്ദർശനങ്ങളും ആശുപത്രി സന്ദർശനങ്ങളും സഹായങ്ങളും പ്രവർത്തനങ്ങളും നടത്തുന്നതും. ഉദാഹരണത്തിനു മദർ തെരേസ്സ ആൽബിനിയായിൽ ജനിച്ച ഒരു വ്യക്തിയായിരുന്നു, കത്തോലിക്ക സഭയിലെ ഒരു മിഷണറിയായി ഇന്ത്യയിലേക്കു വന്നു, ഒരു സ്കൂൾ അദ്ധ്യാപികയായി പ്രവർത്തിക്കുമ്പോൾ സ്കൂൾ വിഷയങ്ങൾക്കുവേണ്ടി ഡാർജ്ജിലിങ്ങിൽ നിന്നും കൽക്കട്ടയിലേക്കു പലപ്പോഴും വരേണ്ടതായ ആവശ്യമുണ്ടായിരുന്നു, അങ്ങനെ വരുമ്പോൾ ചിലപ്പോൾ ട്രെയിനിലെയും ബസ്സിലെയും യാത്രയിൽ സാധുക്കളെയും അനാഥരെയും പ്രായംചെന്നവരെയും ഉപേക്ഷിക്കപ്പെട്ട നിലയിൽ തെരുവിലും ഗ്രാമങ്ങളിലും കണ്ടപ്പോൾ ആ കാഴ്ച തന്നെ ഒരു അന്തർദേശീയ ക്രിസ്തീയ സംഘടനയുടെ സ്ഥാപനത്തിന് മുഖാന്തിരമായി. ഇന്നു ഏകദേശം ഇരുന്നൂറോളം രാജ്യങ്ങളിൽ ഈ സംഘടന പ്രവർത്തിക്കുന്നുണ്ട്. ആയിരക്കണക്കിനു സഹോദരിമാർ അവരുടെ ഊണും ഉറക്കവും ഉപേക്ഷിച്ച് ഇതിൽ പ്രവർത്തിക്കുന്നുണ്ട്. കുഞ്ഞുങ്ങളെയും മുതിർന്നവരെയും ഇവർ ശുശ്രൂഷിക്കാറുണ്ട്, സമാധാനത്തോടും സന്തോഷത്തോടും ഒരുനേരം നല്ല ഭക്ഷണം കഴിച്ചു സംതൃപ്തിയോടു മരിക്കുവാൻ മുഖാന്തിരമാക്കുന്നു, എന്നാൽ സുവിശേഷ വിരോധികൾ ഈ പ്രവർത്തനങ്ങളെ വിമർശിച്ച് ഇത് മതപരിവർത്തനമാണ് എന്നു പറഞ്ഞു ജനങ്ങളുടെ ഇടയിൽ തെറ്റിദ്ധാരണയും സംശയത്തിന്റെ വിത്തുകൾ പാകുകയും ചെയ്യുന്നു. സാധാരണ നാം പറയാറുള്ളതുപോലെ പട്ടി പുല്ല് തിന്നുകയില്ല പശു പുല്ല് തിന്നുവാൻ സമ്മതിക്കുകയുമില്ല എന്നതുപോലെയാണ് ചിലർ. ഒന്നു ചെയ്യുകയുമില്ല, മറ്റുള്ളവരെ ചെയ്യുവാൻ സമ്മതിക്കുകയുമില്ല.

സഭാചരിത്രത്തിലൂടെ കടന്നുപോകുമ്പോൾ അനേകർ കർത്താവിന്റെ നാമത്തിൽ അനാഥാലയങ്ങളും അതുരസേവനങ്ങളും ചെയ്യുന്നു, ഇതിനെ വിമർശിക്കാതെ സമൂഹത്തിന്റെ നന്മയ്ക്കും പാവങ്ങളുടെ പുനരുദ്ധാരണത്തിനും വേണ്ടി വല്ലതും ചെയ്യാം. ജോർജ് മുള്ളർ എന്ന ഭക്തനാണ് ആദ്യമായി അനാഥാലയം തുടങ്ങിയത്, ആയിരക്കണക്കിന് അനാഥ കുഞ്ഞുങ്ങൾക്ക് ഒരു ആശ്വാസവും അനുഗ്രഹവും ആയി മാറി, ഇതുപോലെ ദൈവസഭയ്ക്കു സമൂഹത്തോടു ചില ഉത്തരവാദിത്വങ്ങളും കടമകളുമുണ്ട്, അതുചെയ്യുമ്പോൾ മനുഷ്യർ നിങ്ങളുടെ (നമ്മുടെ) നല്ല പ്രവർത്തികളെ കണ്ട്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ മത്താ.5:16. ജാതിയും മതവും വിശ്വാസവും ഭാഷയും ലിംഗവും സഭയും നോക്കാതെ പാവപ്പെട്ടവരെ സഹായിക്കുവാൻ വേണ്ടിയാണ് ദൈവം നമ്മെ ധനികരായും വിശ്വാസികളായും സമൂഹത്തിൽ ആക്കി വച്ചിരിക്കുന്നത്, യേശുക്രിസ്തുവിന്റെ വാക്കുകളെ ശ്രദ്ധിക്കുക, എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു, ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു, ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു, നഗ്നനായിരുന്നു, നിങ്ങൾ എന്ന് ഉടുപ്പിച്ചു, രോഗിയായിരുന്നു, നിങ്ങൾ എന്നെ കാൺമാൻ വന്നു, തടവിൽ ആയിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു, അതിനു നീതിമാന്മാർ അവനോടു, കർത്താവേ, ഞങ്ങൾ എപ്പോൾ നിന്നെ അതിഥിയായി കണ്ടിട്ട് ചേർത്തുകൊൾകയോ നഗ്നനായി കണ്ടിട്ടു ഉടുപ്പിക്കയോ ചെയ്തു? നിന്നെ രോഗിയായിട്ടോ തടവിലോ എപ്പോൾ കണ്ടിട്ടു ഞങ്ങൾ നിന്റെ അടുക്കൽ വന്നു എന്ന് ഉത്തരം പറയും. രാജാവ് അവരോട്, എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കുചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു അരുളിച്ചെയ്യും മത്താ.25:35-40. ഇംഗ്ലീഷിൽ ഇങ്ങനെയൊരു ചൊല്ലുണ്ട് 'charity begins at home' സ്നേഹം വീട്ടിലാണ് ആരംഭിക്കേണ്ടത് റോമർ12:13. അത് രോഗത്താലും വേദനയാലും ഉപദ്രവങ്ങളാലും പ്രയാസങ്ങളാലും ഭാരപ്പെടുന്നവരെ സന്ദർശിക്കുകയും സഹായിക്കുകയും ചെയ്യുക എന്നതാണ് പൗലോസ് പ്രതീക്ഷിക്കുന്നതും പ്രാർത്ഥിക്കുന്നതും അങ്ങനെ ചെയ്യുന്നവരെ തീർച്ചയായും സഭയുടെയും പൊതുശുശ്രൂഷയ്ക്കും പ്രയോജനപ്പെടുത്താം. ഇളയവിധവമാരെ ഒഴിക്ക എന്നു പറയുമ്പോൾ അവരുടെ പ്രായം നോക്കുമ്പോൾ അവരുടെ ജഡാഭിലാഷങ്ങളെ മുഴുകി രസിക്കുകയും ത്രസിക്കുകയും ചെയ്യുവാൻ താല്പര്യം ഉണ്ടാകുവാൻ സാധ്യത ഉള്ളതുകൊണ്ട് കഴിവതും ഇളയ വിധവമാരെ ഒഴിവാക്കുക. ഇവർക്കു നിയന്ത്രിക്കുവാനും മറ്റും പ്രയാസമാണെങ്കിൽ പുനർവിവാഹം കഴിക്കാം. പുനർവിവാഹം കഴിക്കുവാൻ ആഗ്രഹിക്കാത്തവർ അവർ എടുത്തിരിക്കുന്ന തീരുമാനത്തിലും ശപഥത്തിലും ഉറച്ചുനിൽക്കാം, ദൈവസന്നിധിയിൽ തീരുമാനം എടുത്തുയെങ്കിൽ അത് പാലിക്കുവാനും നിവർത്തിക്കുവാനും ബാധ്യസ്ഥരാണ്, സംഖ്യ. 30:2, ആവർ. 23:21, അ.പ്രവ. 5:1-10. ഇല്ലായെങ്കിൽ ദൈവം അപ്രകാരമുള്ളവരെ ന്യായം വിധിക്കും. കൂടാതെ ഇത്തരക്കാർ വീടുന്തോറും നടന്നു മിനക്കെട്ട് പലകാര്യങ്ങളിൽ ഇടപെടുകയും ജീവിതം നശിപ്പിക്കുകയും ചെയ്യും, പരദൂഷണം, നിയന്ത്രണമില്ലാത്ത ജീവിതം ഇതിനു ഇടയാകും. അക്കാലത്ത് ഇങ്ങനെ ധാരാളം വീടുകളിൽ കയറിയിറങ്ങി കുടുംബബന്ധങ്ങൾ, ഏഷണി, അധാർമ്മികജീവിതം നയിക്കുന്നവർ ഉണ്ടായതുകൊണ്ട് ഇങ്ങനെ സഭയിൽ ഉണ്ടാകാതെയിരിക്കുവാനും ഇങ്ങനെ ചെയ്യുന്നു. വിധവമാരെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുകയാണ്. ഇങ്ങനെയുള്ളവർ ഇന്നും നമ്മുടെ സഭകളിലുണ്ട്, ഇല്ലാത്ത കാര്യങ്ങൾ ഉണ്ടാക്കി അപവാദം പരത്തി കുടുംബബന്ധങ്ങൾ തകർക്കുന്നവർ, ആകയാൽ വിധവമാരെ സഭാകാര്യങ്ങളിൽ തിരക്കുള്ളവരാക്കുക, ഇംഗ്ലീഷിൽ ഇങ്ങനെയൊരു ചൊല്ലുണ്ട്" "An idle mind is devil's Worship" അലസന്റെ മനസ്സ് പിശാചിന്റെ പണിപ്പുര" അലസരായി നടക്കുന്നവരുടെ മനസ്സ് പിശാച് കവർന്നെടുത്ത് വിഷം കുത്തിനിറച്ചു ദൈവമക്കളുടെ ഇടയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഏദൻതോട്ടത്തിൽ ഇതാണ് നടന്നത്.

### തിമൊഥെയൊസ്

(തുടരും....)

Estd. 1976
DAVAO MEDICAL SCHOOL FOUNDATION
DAVAO CITY - PHILIPPINES

MEDICAL COUNCIL OF INDIA & WHO APPROVED
STUDY MBBS (MD)
ELIGIBILITY
50 % Marks in +2 (Science)
Full Package 5 Years 4 Months
Approximate 32 lakhs
BANK LOAN ASSISTANCE AVAILABLE
PRINCIPAL ASSOCIATE : TRANSWORLD EDUCARE (P) LTD, PUNE, INDIA
KNOWLEDGE DASE
Learn, to Go a far...Go a far to Learn
2nd Floor, Angelic Tower | Near Lourde Cathedral
East Fort | Thrissur - 680005
Tel : 0487 - 2337999, 9447063799.
Managed and Run by Pentacostal Belivers.

# യൂത്ത് കൺവൻഷൻ


പാസ്റ്റർ റൂഫസ് മാത്യൂസ്

**സൗത്ത് ഫ്ളോറിഡ:** ഐപിസി സൗത്ത് ഫ്ളോറിഡ സഭയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 28-29 വരെ യൂത്ത് കൺവൻഷൻ സൺറൈസിൽ നടക്കും. വെള്ളിയാഴ്ച വൈകിട്ട് 7ന് ആരംഭിക്കുന്ന കൺവൻഷനിൽ പ്രശസ്ത യുവജന പ്രസംഗകൻ പാസ്റ്റർ റൂഫസ് മാത്യൂസ് വചനം പ്രസംഗിക്കും. 29 ശനിയാഴ്ച രാവിലെ 10ന് യൂത്ത് ചലഞ്ച് നടക്കും. യൂത്ത് ഡയറക്ടർ സാം ജോർജ്ജ്, പി.വൈ.പി.എ. കോർഡിനേറ്റർമാരായ ജെയിൻ ജേക്കബ്, സാറാ ഗീവർഗീസ് എന്നിവർ നേതൃത്വം നല്കും. പാസ്റ്റർമാരായ കെ. സി. ജോൺ ഫ്ളോറിഡ, ജോൺ തോമസ് എന്നിവർ ഇവിടെ ശുശ്രൂഷിക്കുന്നു.

# ക്രിസ്തീയ വനിതകൾ ഉത്തരവാദിത്വത്തിലേക്ക് മടങ്ങിവരിക



**പായിപ്പാട്:-** കുടുംബത്തെ ഭദ്രമായി പണിയുവാൻ കഴിവുള്ളവരാണ് ക്രിസ്തീയ വനിതകളെന്നും അവർ ഉത്തരവാദിത്വത്തിലേക്ക് മടങ്ങിവരേണ്ട കാലഘട്ടമാണിതെന്നും സഭാ പ്രസിഡന്റ് റവ.തോമസ് ഫിലിപ്പ് പ്രസ്താവിച്ചു. 2017 ഏപ്രിൽ 10,11,12 തീയതികളിൽ പായിപ്പാട് നടന്ന ന്യൂ ഇൻഡ്യാ വിമൻസ് ഫെലോഷിപ്പ് സംസ്ഥാന വനിതാ ക്യാമ്പ് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു. സ്ത്രീകൾക്ക് സമൂഹത്തിൽ സുപ്രധാന സ്ഥാനം ഉണ്ട്. അവരെ ഒഴിച്ചു നിർത്തി ചരിത്രം ഇതുവരെ ഒന്നും നേടിയിട്ടില്ല എന്നും ഓർപ്പിച്ചു. ദർശനം പ്രാപിച്ച സഹോദരിമാരെക്കുറിച്ച് കർത്താവിന് വലിയ പദ്ധതിയുണ്ട്. ക്രൂശിക്കപ്പെട്ട യേശുവിനെ ഭാരതത്തിന് നൽകുക എന്നത് സഹോദരിമാരുടെ കടമയാണെന്നും ഓർപ്പിച്ചു. സത്രീകൾ സമൂഹത്തിൽ വിലപ്പെട്ടവരാണ്. അവരുടെ സേവനങ്ങൾ പ്രശംസനീയമാണ്. പ്രകാശം പരത്തുവാൻ കഴിയുന്ന വനിതകൾ തികച്ചും പരിശുദ്ധാത്മാവിന്റെ ഉല്പന്നങ്ങളാണെന്നും പറഞ്ഞു. കർത്താവിന്റെ വരവ് അടുത്തിരിയ്ക്കയാൽ നിത്യതയ്ക്ക് വേണ്ടി ഒരുങ്ങുവാൻ ഉള്ള സമയമാണിതെന്നും കർത്താവ് ഒരുക്കുന്ന സ്വർഗ്ഗരാജ്യത്തിൽ നിങ്ങൾ ഓരോരുത്തരും കാണണം. അതിനുവേണ്ടി ഒരുങ്ങുവാൻ ഈ ക്യാമ്പ് മുഖാന്തിരമാകട്ടെയെന്നും അദ്ദേഹം ഓർപ്പിച്ചു.

ക്യാമ്പിന്റെ വിവിധ സെക്ഷനുകളിലായി പാസ്റ്റർമാരായ സന്തോഷ് തോമസ്, വി.സി. യോഹന്നാൻ, എം.ഐ. പീറ്റർ, വി.കെ. ഏബ്രഹാം സഹോദരിമാരായ ഷീലാദാസ്, ജോയമ്മ വർഗ്ഗീസ്, മേഴ്സി തോമസ്, സിന്ധുഗിരിജൻ, ഗ്രെയ്സ് മാത്യു, ഷേർളി സണ്ണി, ജോയ്സ് ജേക്കബ്, രമണി യോഹന്നാൻ എന്നിവർ പ്രസംഗിച്ചു. ഗാനപരിശീലനം, ആരാധന, സന്ദേശം, ബൈബിൾ ക്ലാസ്, ചർച്ച, കൗൺസിലിംഗ് തുടങ്ങിയ പ്രോഗ്രാമുകൾ നടത്തപ്പെട്ടു. "തിരുവചന അടിസ്ഥാനത്തിൽ വനിതകളുടെ പ്രായോഗിക ജീവിതം" എന്നതായിരുന്നു ക്യാമ്പിന്റെ ചിന്താവിഷയം. ന്യൂ ഇൻഡ്യാ വിമൻസ് ഫെലോഷിപ്പ് ക്വയർ ഗാനശുശ്രൂഷ നിർവ്വഹിച്ചു. സഹോദരിമാരായ ലതാ ജോൺസൺ, ലിസമ്മ രാജേഷ്, കുഞ്ഞുമോൾ പീറ്റർ ക്യാമ്പിന് നേതൃത്വം നല്കി.


ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ്
എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ്

STATE OVERSEER

PR. C. C. THOMAS

DIRECTOR

PR. JOHNSON DANIEL

PRINCIPAL

PR. SUJU JOHN



മൗണ്ട് സീയോൻ ബൈബിൾ സെമിനാരി മുളക്കുഴ
⌖ കേരളത്തിലെ ആദ്യത്തെ വേദപാഠശാല ⌖ MA, M.Div,B.Th, G.Th കോഴ്സുകൾ ⌖ പ്രായോഗിക പരിശീലനം ⌖ മികച്ച പഠന സൗകര്യം ⌖ പ്രഗത്ഭരായ അദ്ധ്യാപകർ ⌖ വിദേശരാജ്യങ്ങളിൽ തുടർപഠന സാധ്യത ⌖ ATA കോഴ്സുകൾ

മൗണ്ട് പാരാൻ ബൈബിൾ കോളേജ് കണ്ണൂർ
മലബാർ സുവിശേഷീകരണത്തിന് പ്രാധാന്യം നൽകിയും തദ്ദേശീയരായ സുവിശേഷകർക്ക് പ്രയോജനപ്രദമായ നിലയിലുമുള്ള ആധുനിക പഠന സൗകര്യങ്ങളോടുകൂടിയ വേദ വിദ്യാലയം. പ്രായോഗിക പരിശീലനം

ബെഥേൽ ലേഡീസ് ബൈബിൾ കോളേജ്, കുമ്പനാട്
സഹോദരിമാർക്കായി കേരളത്തിലെ ആദ്യത്തെ വേദപാഠശാല. ദൈവകൃപയും സുവിശേഷവേലയ്ക്കായി വിളിയും സമർപ്പണവുമുള്ള യുവതികൾക്ക് അവസരം. അനുഭവസമ്പന്നരായ അദ്ധ്യാപകരുടെ ക്ലാസ്സുകൾ.

സവിശേഷതകൾ
♦ 1927-ൽ ആരംഭം ♦ ചർച്ച് ഓഫ് ഗോഡിന്റെ അന്തർദേശീയ അംഗീകാരം ♦ A.T.A അഫിലിയേഷൻ ♦ മലബാർ സുവിശേഷീകരണം ലക്ഷ്യമാക്കി കണ്ണൂരിൽ പ്രവർത്തിക്കുന്ന മൗണ്ട് പാരാൻ ♦ കേരളത്തിലെ ആദ്യത്തെ ലേഡീസ് ബൈബിൾ കോളേജായ ബഥേൽ ♦ M.A., M.Div., B.Th., G.Th കോഴ്സുകൾ ♦ ഒരു വർഷം ദൈർഘ്യമുള്ള കൗൺസിലിംഗ് ഡിപ്ലോമ കോഴ്സ് ക്ലിനിക്കൽ പാസ്റ്ററൽ കെയർ & കൗൺസിലിംങ്ങ് ♦ ഉന്നതനിലവാരമുള്ള പാഠ്യപദ്ധതി ♦ വേദപരിജ്ഞാനവും അനുഭവജ്ഞാനവുമുള്ള സ്വദേശീയരും വിദേശീയരുമായ അദ്ധ്യാപകർ ♦ വിപുലമായ ലൈബ്രറി സൗകര്യം ♦ സുവിശേഷ വേലയിൽ പ്രായോഗിക പരിശീലനം ♦ അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ♦ ഉന്നത വിജയികൾക്ക് തുടർ പഠനാവസരം ♦ പഠനശേഷം ചർച്ച് ഓഫ് ഗോഡിൽ പ്രവർത്തിക്കാനുള്ള അവസരം



For More Details
The Director
Education Department
Church of God In India, Mulakuzha, Kerala - 689 505
PH: 9447799659, 9349918737, 9446208799
E-mail:mtzionseminary@yahoo.com

"ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു"

# ബഥേൽ പ്രയർ മിനിസ്ട്രി ചാരിറ്റബിൾ ട്രസ്റ്റ്

CHURCH OF GOD (FULL GOSPEL) IN INDIA
KERALA STATE

## ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ്

ഇഞ്ചക്കാട് ടൗൺ ചർച്ച്, ബഥേൽ ഹൗസ്, എം. സി. റോഡ്, കൊട്ടാരക്കര

### പ്രയർ മീറ്റിംഗുകൾ

സഭായോഗവും ആരാധനയും: ഞായർ 9am -12 pm
വിടുതൽ ശുശ്രൂഷ: ചൊവ്വാ 10 am -1 pm
ഉപവാസ പ്രാർത്ഥന: വെള്ളി 10 am -1 pm
(എല്ലാ മാസത്തിന്റെയും അവസാന വെള്ളി, ശനി ദിവസങ്ങളിൽ 10 am -1 pm ഉപവാസ പ്രാർത്ഥന നടത്തപ്പെടുന്നു)

ഓൾ നൈറ്റ് പ്രയർ: എല്ലാ മാസവും മൂന്നാം വെള്ളി രാത്രി 9 മണി മുതൽ



പാസ്റ്റർ വിജു ഡാനിയേൽ
State Treasurer-Counselling Dept.
Church of God
Director - Bethel Prayer Ministry
E-mail: vijucgi@gmail.com

കൂടുതൽ വിവരങ്ങൾക്ക് : പാസ്റ്റർ വിജു ഡാനിയേൽ, ഫോൺ 8075453033

# കൃപാ സ്റ്റീൽ ഇൻഡസ്ട്രീസ്

എം. സി. റോഡ്, ഏനാത്ത്
ഫോൺ: 9847740055 / 9745634693
Email: kripasteels@gmail.com

Distributers in Wholesale & Retail

**DISTRIBUTERS IN:** സ്റ്റെയിലൻസ് സ്റ്റീൽ പൈപ്പുകൾ, സ്ക്വയർ പൈപ്പുകൾ, ഷീറ്റുകൾ, കമ്പികൾ, ഡിസൈൻ ഗ്രില്ലുകൾ, ഡിസൈൻ പൈപ്പുകൾ, ബോളുകൾ, ഹോളോ ബോളുകൾ, ബോൾ സെറ്റുകൾ, ചെയിനുകൾ തുടങ്ങി എല്ലാവിധ സ്റ്റെയിലൻസ് സ്റ്റീൽ മെറ്റീരിയലുകളും ഫിറ്റിംഗ്സുകളും ഏറ്റവും കുറഞ്ഞ (ഹോൾ സെയിൽ & റീട്ടെയിൽ) നിരക്കിൽ വിൽക്കപ്പെടുന്നു.

### ബ്രാഞ്ചുകൾ

ടെലിഫോൺ എക്സ്ചേഞ്ചിന് എതിർവശം
കരവാളൂർ, പുനലൂർ ഫോൺ: 9747242766

കുരിശ്ശിൻമൂട് ജംഗ്ഷൻ ചെങ്കുളം,
ഓയൂർ ഫോൺ: 9656869868

# ദി ഇമ്മാനുവേൽ സ്റ്റീൽസ് & മെറ്റൽസ്

എം. സി. റോഡ്, ഏനാത്ത് ഫോൺ: 9645513061, Email: theimmanuelsteels@gmail.com

### ബ്രാഞ്ചുകൾ

പൂതക്കുഴി ജംഗ്ഷൻ, നെടിയവിള (പുത്തൂർ)
ഫോൺ: 8086876553

എം. സി. റോഡ്, കുരമ്പാല, പന്തളം
ഫോൺ: 9562285902

## ചോദ്യോത്തരവേദി

# യെരുശലേം യാത്ര തീർത്ഥയാത്രയോ?



ജോർജ്ജ് ഫിലിപ്പ്
തെക്കേക്കര

**ചോദ്യം:** കർത്താവിന്റെ പാദമുദ്ര പതിഞ്ഞ സ്ഥലങ്ങളെല്ലാം പുണ്യസ്ഥലങ്ങളാണെന്ന് പരസ്യപ്പെടുത്തികൊണ്ട് പല സഭാനേതാക്കന്മാരും വിശ്വാസികളെയെല്ലാം യെരുശലേം യാത്രയ്ക്ക് പ്രോത്സാഹിപ്പിക്കുന്നു. ചിലരൊക്കെ ബാങ്ക് ലോൺ എടുത്ത് 1 ലക്ഷം രൂപ ഒപ്പിച്ചെടുക്കുന്നു. യാത്രയ്ക്ക് ശേഷം ആത്മീയമായി ഉന്നതി പ്രാപിച്ചതായി ചിലർ കരുതുന്നു. ഇല്ലാത്ത ധനം ഉണ്ടാക്കിയെടുത്തുള്ള യാത്ര പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ടോ? യെരുശലേം യാത്ര കൊണ്ട് എന്തെങ്കിലും ആത്മീയ അനുഗ്രഹം ഉണ്ടാകുമോ? **– ആന്റണി, തൃശൂർ**

**ഉത്തരം:** യാത്രയും വായനയും ഇല്ലാത്ത മനുഷ്യൻ ജീവിച്ചിരിക്കുമ്പോഴേ മരിച്ചതിനു തുല്യമാണെന്ന് സാഹിത്യത്തിനു നോബൽ സമ്മാനം കിട്ടിയ ഏതോ എഴുത്തുകാരൻ (പൗലോ കൊയ്‌ലോ ആണെന്ന് തോന്നുന്നു) പറഞ്ഞതായി ഓർക്കുന്നു. ഏത് യാത്രയും മനുഷ്യന്റെ വ്യക്തിത്വം വർദ്ധിപ്പിക്കുന്നതാണ്. അവനവന്റെ ആക്കത്തിനനുസരിച്ച് യാത്രയുടെ നീളവും നിലവാരവും നിശ്ചയിക്കുന്നതിൽ തെറ്റൊന്നുമില്ല. എന്നാൽ കടം വരുത്തിയുള്ള യാത്രകൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതല്ല.

ഇസ്ലാംമത വിശ്വാസികൾക്ക് മക്കയാണ് പുണ്യഭൂമി. സൗകര്യം ഉള്ള ഇസ്ലാമികരെല്ലാം ജീവിതത്തിൽ ഒരു പ്രാവശ്യമെങ്കിലും മക്ക സന്ദർശിച്ചിരിക്കണം എന്നാണ് അവരുടെ വിശ്വാസപ്രകടനത്തിന്റെ അഞ്ചു തൂണുകളിൽ ഒന്ന്. കേരളത്തിലാണെങ്കിൽ ഗവർമെന്റിന്റെ സഹായത്തോടുകൂടി പലരും മക്കയിൽ പോയി 10 ദിവസം കർമ്മങ്ങളനുഷ്ഠിച്ച് **സംസം** വെള്ളവും കുടിച്ച് ഈന്തപ്പഴവും കഴിച്ച് പാപം പരിഹരിക്കപ്പെട്ടതായി വിശ്വസിച്ച് തിരികെ വരുന്നു.

ഹിന്ദുക്കൾ ശബരിമല കാശി ഋഷികേശ് തുടങ്ങിയ സ്ഥലങ്ങളിൽ പോകുന്നു. പണ്ടു കാശിക്ക് പോകുന്നത് തിരിച്ച് വരാനല്ലായിരുന്നു. അവിടെ ചെന്ന് ഗംഗാജലം കുടിച്ചും ഗംഗാനദിയിൽ കുളിച്ചും പാപപരിഹാരം വരുത്തിയതായി വിശ്വസിച്ചിരുന്നു. ക്രിസ്ത്യാനികളാകട്ടെ, മലയാറ്റൂരും പരുമലയും വേളാങ്കണ്ണിയും...എല്ലാം കഴിഞ്ഞ് യെരുശലേം വരെ പൊയ്ക്കൊണ്ടിരിക്കുന്നു. ചാവുകടലിൽ കിടന്നും, യോർദ്ദാനിൽ സ്നാനപ്പെടുത്തിയും, തിരുവത്താഴം ആചരിച്ചും യോർദ്ദാൻ നദിയിലെ വെള്ളം കുടിച്ചും, അവിടുത്തെ ജലവും മണ്ണും പവിത്രതയോടുകൂടി കൊണ്ടുവന്ന് വീട്ടിൽ സൂക്ഷിച്ചും മറ്റു മതസ്ഥരെ അനുകരിച്ചുകൊണ്ടിരിക്കുന്നു.

ഈസ്റ്ററും ക്രിസ്തുമസും ആഘോഷിക്കുവാൻ **വചനം** ഇല്ല എന്ന് പ്രഘോഷിക്കുന്നവർക്ക് യെരുശലേം തീർത്ഥയാത്രയ്ക്ക് പോകുവാനുള്ള **വചനം** എവിടെയാണെന്ന് എനിക്കറിയില്ല. ചാവുകടൽ ശപിക്കപ്പെട്ട സ്ഥാനമാണ്. ഒരു ജീവിക്കും ചാവുകടലിൽ ജീവിക്കാനാവില്ല. യെരുശലേം ആത്മീകമായി സോദോമാണ് (വെളിപ്പാട് 11:8). കർത്താവിന്റെ പാദമുദ്ര പതിഞ്ഞതുകൊണ്ട് യെരുശലേം പുണ്യഭൂമിയായില്ല. മറിച്ച് കർത്താവിനെ ക്രൂശിച്ച യെരുശലേം ശാപഗ്രസ്ഥമായിത്തീരുകയാണുണ്ടായത്. കർത്താവിന്റെ കാൽപാദം പതിഞ്ഞ സ്ഥലങ്ങളും യഹോവയുടെ ആലയവും ഇതിനോടകം പല ജാതീയ രാജാക്കന്മാരും ഇസ്ലാംമത ഭരണകർത്താക്കളും ചവിട്ടി മെതിച്ചു. ധാരാളം രക്തച്ചൊരിച്ചിലും ക്രൂരതയും അവിടെ സംഭവിച്ചുകഴിഞ്ഞു. ഇസ്രായേൽ ജനത മറ്റുള്ളവരുടെ ആക്രമണം ഭയന്ന് ഇപ്പോഴും ഭീതിയോടെ ആണ് കഴിയുന്നത്. 'ഈ നീതിമാന്റെ രക്തത്തിൽ എനിക്ക് പങ്കില്ല' എന്ന പീലാത്തോസിന്റെ പ്രസ്താവനയിൽ, അതിനുള്ള ശിക്ഷയും ശാപവും 'ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെമേലും വരട്ടെ' എന്ന യഹൂദാജനത്തിന്റെ മറുപടി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് തീർത്ഥയാത്ര എന്ന നിലയിൽ യെരുശലേമിൽ പോയാലോ അവിടുത്തെ മണ്ണും വെള്ളവും വീട്ടിൽ സൂക്ഷിച്ചാലോ കർത്താവിൽ നിന്ന് ഒരനുഗ്രഹവും ലഭിക്കാനില്ല. ഭൗതീക (സാമ്പത്തിക) അനുഗ്രഹം ലഭിക്കുന്നത് യാത്ര സംഘടിപ്പിക്കുന്ന സംഘാടകർക്ക് മാത്രമാണ്. വിശ്വാസികളെ തെറ്റിദ്ധരിപ്പിച്ചിട്ടുണ്ടെങ്കിൽ അതിനുള്ള ശിക്ഷ കർത്താവിൽനിന്ന് തക്കസമയത്ത് അവർക്ക് കിട്ടിക്കൊള്ളും.

## 02 ധ്യാനം....

ത്തതും ഒക്കെ ദൈവഹിതത്തിന്റെ വ്യവഹാര പരിധിയിൽ വരാം. പക്ഷെ തന്ത്രശാലിയായ സാത്താൻ നമ്മുടെ പ്രതീക്ഷകളെ കൗശലത്തോടുകൂടി അവന്റെ പ്രവർത്തനപദ്ധതികൾക്കുള്ള മാർഗ്ഗങ്ങളായി ഉപയോഗിക്കുകയാണ് മിക്കപ്പോഴും. ഇവിടെയാണ് വസ്തുതകളെ വിവേകപൂർവ്വം വകതിരിച്ചറിഞ്ഞു ദൈവീകമായതിനെയും സാത്താന്യമായതിനെയും കണ്ടെത്തുക എന്നത് ഗൗരവതരമായ വിഷയമാകുന്നത്. തിരുവചന ദർപ്പണത്തിലൂടെ കാര്യങ്ങളെ വിവേചിച്ചു സാത്താന്യമായതിനെ എല്ലാം അകറ്റാം....ദൈവീകമായതിനെ മാത്രം ചേർത്ത് നിർത്താം!!






## 02 അക്ഷരങ്ങളുടെ അത്ഭുതലോകം 1....

പൗലോസ്. പുതിയ നിയമത്തിന്റെ നല്ലൊരു ഭാഗവും രചിച്ച വ്യക്തി. ദൈവത്തെ കണ്ടവ്യക്തിയാണെങ്കിലും അദ്ദേഹത്തിന് പുസ്തകങ്ങൾ ആവശ്യമായിരുന്നു".

ജീവിത യാത്രയിൽ അന്ത്യശ്വാസം വലിക്കുന്നതുവരെ നെഞ്ചോടു ചേർന്നിരിക്കുവാൻ കൂട്ടാളികളായി കൂടെ കൂട്ടിയ പ്രശസ്തവും അപ്രശസ്തവുമായ ഒരു പിടി പുസ്തകങ്ങൾ ചിന്താസരണിയെ സ്വാധീനിക്കുകയും ലോകത്തിന്റെയും, ലോകത്തിലുള്ളവയുടെയും ഒന്നുമില്ലായ്മയെ തിരിച്ചറിയുവാൻ സഹായകരമായിത്തീരുകയും ചെയ്ത ഉൽക്കൃഷ്ട ഗ്രന്ഥങ്ങൾ. എപ്പോഴൊക്കെയോ കൺമുമ്പിലെത്തി ഒരു നിമിഷം പ്രചോദിപ്പിക്കുകയും ഹൃദയത്തെ ത്രസിപ്പിക്കുകയും ചെയ്തതിനു ശേഷം ബുക്ക് ഷെൽഫിൽ സുഖസുഷുപ്തിയിൽ ലയിച്ച കൃതികൾ; വായനയ്ക്കിടയിൽ ചപ്പും ചവറുമെന്ന് തിരിച്ചറിഞ്ഞ നിമിഷം, നഷ്ടപ്പെടുത്തിയ നിമിഷങ്ങളെ ഓർത്ത് ഖേദത്തോടെ ചവറ്റു കുട്ടയിൽ നിക്ഷേപിച്ച രചനകൾ.

ഇവയിൽ നിന്നും ഉൾക്കൊണ്ടു ചില ആശയങ്ങൾ. അക്ഷരങ്ങളുടെ ലോകത്തോടുള്ള ബന്ധത്തിൽ അനുഭവങ്ങൾ പഠിപ്പിച്ച വിലയറ്റ ചില പാഠങ്ങൾ. ബാഹ്യദൃഷ്ടികൾക്ക് അഗോചരമായ അക്ഷരങ്ങളുടെ അത്ഭുത ലോകത്തെ അനാവരണം ചെയ്യുന്ന ചില ചിന്തകൾ ഈ പംക്തിയിലൂടെ ബഹുമാന്യരായ വായനക്കാരുമായി പങ്കുവെയ്ക്കുവാൻ കഴിയുന്നത് ഒരു പദവിയായി കരുതുന്നു.

# ഐപിസി വനിതാ തയ്യൽ സ്കൂൾ സർട്ടിഫിക്കറ്റ് വിതരണം നടത്തി



**വെള്ളറട:** ഐപിസി കേരളാ സ്റ്റേറ്റ് സോദരീ സമാജത്തിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം വെള്ളറട കാക്കതമുക്കിയിൽ നടക്കുന്നു. സൗജന്യ തയ്യൽ പരിശീലനം നേടിയ വനിതകൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം മാർച്ച് 30ന് കാക്കതമുക്കി നടന്നു. പാസ്റ്റർ വൈ. റോബർട്ട് അദ്ധ്യക്ഷത വഹിച്ചു. മേഴ്സി ഡാനിയേൽ വാർഷിക റിപ്പോർട്ട് വായിച്ചു. ഏലിയാമ്മ തോമസ് മുഖ്യസന്ദേശം നൽകി. പഠനം പൂർത്തിയാക്കിയ 37 വനിതകൾക്ക് ഉള്ള സർട്ടിഫിക്കറ്റ് മേഴ്സി ഡാനിയേൽ, ഏലിയാമ്മ തോമസ്, റോസമ്മ ജെയിംസ്, റീന മാത്യു, സൂസൻ എം. ചെറിയാൻ എന്നിവർ ചേർന്ന് വിതരണം ചെയ്തു. സിസ്റ്റർമാരായ അന്നമ്മ മാമൻ, ക്രിസ്റ്റീന, എസ്. ബിന്ദു, എൽ. പുഷ്പം എന്നിവർ ആശംസകൾ അറിയിച്ചു. പാസ്റ്റർ എസ്. ഇ. ജ്ഞാനദാസ് സ്വാഗതവും സിസ്റ്റർ ഷീജാ ജോൺ കൃതജ്ഞതയും അറിയിച്ചു. സൗജന്യ തയ്യൽ പരിശീലനത്തിന്റെ ചുമതല പാസ്റ്റർ എസ്. ഇ. ജ്ഞാനദാസ് വഹിക്കുന്നു. തയ്യൽപരിശീലനത്തിനായി ബന്ധപ്പെടുക. 9446615293

# ദൈവസ്പർശനം – 2017

**വെള്ളറട:** സഫറേഴ്സ് വോയിസ് ഓഫ് ഇൻഡ്യ ഒരുക്കുന്ന ദൈവസ്പർശനം 2017 ഏപ്രിൽ മാസം 30ന് വൈകുന്നേരം 5.00 മുതൽ 8.30 വരെ കുറ്റിച്ചൽ പ്രാർത്ഥനാകൂടാരത്തിൽ വെച്ചുനടക്കുന്നു. പാസ്റ്റർ സ്പർജൻ വിക്ടർ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ ബിന്നി ജോൺ, ലിബിൻ ചാക്കോ, യുവ ക്രൈസ്തവ കവി മധു കൊട്ടാരക്കര എന്നിവർ പ്രസംഗിക്കും. ഹെവൻലി ഹാർപ്പ് മ്യൂസിക് ടീം ഗാനങ്ങൾ ആലപിക്കും. ബ്രദർ അലക്സ് ജോർജ് എസ്.വി.ഐ. സോണൽ കോർഡിനേറ്റർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.




# നിത്യതയിൽ



**പാസ്റ്റർ പോൾ പോത്ത (മുട്ടം പോൾ സാർ - 83)**

**അറ്റ്ലാന്റാ:** പള്ളിപ്പാട് കുമ്പംപുഴ (മുട്ടം ഗ്രേയ്സ് കോട്ടേജ്) വീട്ടിൽ പാസ്റ്റർ പോൾ പോത്ത (മുട്ടം പോൾ സാർ -83) കാലിഫോർണിയയിൽ വെച്ച് 2017 ഏപ്രിൽ 9ന് കർതൃസന്നിധിയിൽ. ദീർഘകാലം കർതൃശുശ്രൂഷയിൽ ആയിരുന്ന പോൾ സാർ സ്വദേശമായ ഓടനാവട്ടം ഹൈസ്കൂളിൽ അധ്യാപന ജീവിതം ആരംഭിച്ചെങ്കിലും വിവാഹത്തോടുള്ള ബന്ധത്തിൽ പള്ളിപ്പാട് നടുവട്ടം എൻ. എസ്.എസ്. ഹൈസ്കൂളിലേക്കു ജോലി മാറ്റി പ്രവർത്തിച്ചിരുന്നു.

വാപ്പാല ഈട്ടി വിളയിൽ പരേതനായ അമ്മാച്ചൻ ഉപദേശിയുടെ മകനായിരുന്നു ഈ ദൈവഭൃത്യൻ. പള്ളിപ്പാട് സ്വദേശിയായ കുമ്പംപുഴ ഗീവർഗീസിന്റെ മകളായ മേരിക്കുട്ടി ടീച്ചർ (കുഞ്ഞുമോൾ) ആണു സഹധർമ്മിണി. മക്കൾ: ലിസി തോമസ് (ന്യൂയോർക്ക്), പരേതയായ ഷൈനി കോശി, പോൾ വർഗീസ് (കാലിഫോർണിയ), സാം പോൾ (അറ്റ്ലാന്റ). മരുമക്കൾ: എ. സി. തോമസ് (ന്യൂയോർക്ക്), കോശി ഏബ്രഹാം (ടെക്സാസ്), ജെസ്സി പി. വർഗീസ് (കാലിഫോർണിയ), ജിജി സാം (അറ്റ്ലാന്റ).

ഏപ്രിൽ 14 വെള്ളിയാഴ്ച വൈകിട്ട് 6.00മുതൽ 8.00 വരെ പൊതുദർശനവും മെമ്മോറിയൽ സർവ്വീസും, ഏപ്രിൽ 15 ശനിയാഴ്ച രാവിലെ 10 മണിക്ക് സംസ്കാര ശുശ്രൂഷകളും ഹോളിനെസ് ചർച്ച്, 3429 മോൺറോ ജേർസി റോഡ്, കവിംങ്ടൺ, ജോർജിയ 30014 (Holiness church, 3429 Monroe Jersey road, Conington, GA 30014) വെച്ചും നടന്നു.

**ഏലിയാമ്മ വർഗീസ് (75)**



**വെള്ളറട:** ആറാട്ടുകുഴി വത്സമ്മാ വിലാസത്തിൽ ആറാട്ടുകുഴി ഏ. ജി. സഭാംഗവുമായ ഏലിയാമ്മ വർഗീസ് 75 വയസ്സ് ഏപ്രിൽ 2ന് കർത്തൃസന്നിധിയിൽ പ്രവേശിച്ചു. ശവസംസ്കാരം 4-ാം തീയതി ആറാട്ടുകുഴി ഏ. ജി. സെമിത്തേരിയിൽ നടത്തി. ഭവനത്തിൽ നടന്ന ശുശ്രൂഷയ്ക്ക് പാസ്റ്റർ സി. ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. റവ. പി. സ്റ്റാൻലി മുഖ്യ ശുശ്രൂഷ ചെയ്തു. പാസ്റ്റർമാരായ സി. റസാലം, ബാബു, ആമോസ്, സിജി ഏബ്രഹാം, റ്റി. പി. തോമസ്, വില്ല്യംസ്, രാജൻകുട്ടി എന്നിവർ പ്രസംഗിച്ചു. ഭർത്താവ് തോമസ് വർഗീസ്, മക്കൾ: വത്സമ്മ, സൂസമ്മ, ജോളി, വി. തോമസ് (എവരിഹോം ക്രൂസേഡ് കോട്ടയം) മോളി (യുഎസ്എ) മരുമക്കൾ: സ്കറിയ, ജോസ് പാസ്റ്റർ വിത്സൻ മാത്യു (ഏ. ജി. ബാംഗ്ലൂർ), ഷീബാ തോമസ്, പാസ്റ്റർ മാണി വർഗീസ് (യുഎസ്എ). പരേത ഇലന്തൂർ വാര്യാപുരം തവിട്ടക്കൽ കിഴക്കേതി കുടുംബാംഗമാണ്. പാസ്റ്റർ എസ്.ഇ. ജ്ഞാനദാസ് ഭവനം സന്ദർശിച്ച് അനുശോചനം അറിയിച്ചു.

## കവിത

**സജി മത്തായി**



# കൂടു തേടുന്നവർ

സ്വന്തമായുള്ളതല്ലീ പൂശാത്ത
ഭിത്തിയ്ക്കകം ഒക്കെയും ഒലിയ്ക്കുന്ന
കുടുസ്സുമുറികളും ഉയരും
ദുർഗന്ധത്തിൻ ചിരണ്ടിചാലിൻ ചാരേ
ചട്ടിയിൽ സ്ഥാനം കൊള്ളും കൊച്ചുപൂച്ചെടികളും
നമ്മുടേതല്ലീ ലതർ പൊളിഞ്ഞ
ട്രമ്മും ഇഴ ഇളകിപ്പറന്നീടും
പുൽപ്പായിൻ ശേഖരവും പൂപ്പലു
മാറ്റാൻ നമ്മൾ വെയിൽ മൂക്കും
നേരങ്ങളിൽ നിരത്തിയിട്ട തഴപ്പായുടെ
കെട്ടുകളും നമ്മുടേതല്ലീ വീടിൻ
കോടിയിൽ നാം കാണുന്ന പങ്കതൻ
ഇലകളും പേരുകൊണ്ടറിയില്ല
നമ്മുടെതല്ലീ വേലിയ്ക്കകവും പുറങ്ങളും
മതിലിൻ ചാരേയുള്ള ഇലഞ്ഞിപ്പൂഗന്ധവും
നമ്മുടെതല്ലിഹോളും ഹോളിന്റെ പ്രൗഢി ഒന്നും
നമ്മുടെ ഉപ്പും വിയർപ്പൊക്കെയും വീണ ഇടം
വിട്ടു നാം ഇറങ്ങുന്നു മാനവസേവകർ പോൽ
മാധവ സേവക്കാർക്കുമാറാതെ മേവാൻ ഒന്നും
ഒപ്പിട്ട പ്രമാണങ്ങൾ കൊടുത്തില്ലാ ശക്തൻയാഹും
നമ്മുടെ രക്തം കണ്ണീർ ഒക്കെയും വീണിടത്തു
നമ്മൾക്കെങ്ങവകാശം പുറത്താകാശം ഭൂമി
നമ്മൾപ്പോകുന്നു കാലദേശങ്ങൾ അറിയാതെ
യാത്രയാണനന്തമാം യാത്രയാണിടയ്ക്കല്പം
മാത്രയൊന്നിളവേല്ക്കാൻ കൂടുതേടുന്നോർ നമ്മൾ

# ക്രിസ്ത്യൻ യൂത്ത് ക്യാമ്പ് 2017

**ആലപ്പുഴ:** പി.വൈ.പി.എ. ആലപ്പുഴ വെസ്റ്റ് ഡിസ്ട്രിക്റ്റും ബാംഗ്ലൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ലൈഫ് ലൈറ്റ് മിനിസ്ട്രിയുംും സംയുക്തമായി നടത്തുന്ന ഏകദിന ക്യാമ്പ് 2017 ഏപ്രിൽ 29 രാവിലെ 8.30 മുതൽ ആലപ്പുഴ വൈ.ഡബ്ല്യൂ.സി.എ.യിൽ നടക്കും. പാസ്റ്റർ റോയി മാത്യു ബാംഗ്ലൂർ മുഖ്യസന്ദേശം നൽകുന്നു. മുൻ ഇന്ത്യൻ ക്രിക്കറ്റ് താരവും കായികരംഗത്ത് സുവിശേഷവേലയിൽ ആയിരിക്കുന്ന ബ്രദർ ടിനു യോഹന്നാൻ മുഖ്യാതിഥിയായിരിക്കും. ബ്രദർലോർഡ്സൺ ആന്റണി, വിക്ടർ മഹനീയം എന്നിവർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. പാസ്റ്റർ എബ്രഹാം ജോർജ് ആലപ്പുഴ, ബ്രദർ സുധി ക ല്ലുങ്കൽ എന്നിവർ ആശംസകൾ അറിയിക്കും. ക്യാമ്പിൽ പങ്കെടുക്കുതിനു ള്ള രജിസ്ട്രേഷൻ സൗജന്യമായിരിക്കും. ബ്രദർ മാത്യു വർഗ്ഗീസ്, പാസ്റ്റർ മനു വർഗ്ഗീസ്, ഇവാ. ഷിജു കിടങ്ങറ, ബ്രദർ ജോബി ജോൺ, ബ്രദർ വെസ്ലി പി. എബ്രഹാം, ബ്രദർ ഫെബിൻ ജെ. മാത്യു എന്നിവർ നേതൃത്വം നൽകും.

# വാർഷിക കൺവൻഷനും മ്യൂസിക്ക് ഫെസ്റ്റും

**മല്ലപ്പള്ളി:** 14-മത് മല്ലപ്പള്ളി യു.പി.എഫ് വാർഷിക കൺവൻഷനും മ്യൂസിക്ക് ഫെസ്റ്റും മെയ് 12, 13, 14 തീയതികളിൽ മല്ലപ്പള്ളി മങ്കുഴിപ്പടി തോപ്പിൽ ഗ്രൗണ്ടിൽ നടക്കും. പാസ്റ്റർ റ്റി. വി. പോത്തൻ ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റേഴ്സ് ബാബു ചെറിയാൻ, രാജു മേത്ര എന്നിവർ പ്രസംഗിക്കും. ഡോ.ബ്ലസൻ മേമന, പെർസിസ് ജോൺ എന്നിവർ എല്ലാ ദിവസവും ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നതാണ്. ചെങ്ങന്നൂർ യേശുദാസ് ജോർജ് ഓർകസ്ട്ര ഒരുക്കും. 13 ശനിയാഴ്ച രാവിലെ 10 -ന് സഹോദരീ സമ്മേളനത്തിൽ പെർസിസ് ജോൺ ശുശ്രൂഷിക്കും. പാസ്റ്റർമാരായ കെ.വി.ചാക്കോ(ചെയർമാൻ), എം. ജോർജുകുട്ടി, എബ്രഹാം കുര്യാക്കോസ്(ജനറൽ കൺവീനേഴ്സ്), എം. എ. ഫിലിപ്പ്(ഫിനാൻസ്), ജിജി എം, തോമസ് ജോസഫ്(പബ്ലിസിറ്റി) എന്നിവരുടെ നേതൃത്വത്തിലുള്ള 60 അംഗകമ്മറ്റി വിപുലമായ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുന്നു.



MOB: 944736879, TEL: 0469 2666995
beljourn@gmail.com
beljourn.com/ www.bjournal.org
VOL 10, ISSUE 08

BELIEVERS JOURNAL

PUBLISHED ON 25/04/2017

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10

പ്രാർത്ഥിക്കുക...പങ്കെടുക്കുക...അനുഗ്രഹം പ്രാപിക്കുക

# LEADERSHIP
## CONFERENCE

**ഇന്ത്യാ ബൈബിൾ കോളെജ് & സെമിനാരിയുടെയും**
**പൂർവ്വ വിദ്യാർത്ഥി സംഘടനയുടെയും സംയുക്ത ആഭിമുഖ്യത്തിൽ**



**എന്ന്?** 2017 ഒക്ടോബർ 26 വ്യാഴം

**എപ്പോൾ?** രാവിലെ 9am –6pm

**എവിടെ?** IGO Campus Othera

**ആർക്കുവേണ്ടി?** പാസ്റ്റേഴ്സ്, മിഷനറിമാർ, സണ്ടേസ്കൂൾ അധ്യാപകർ, യുവജന പ്രവർത്തകർ, ബൈബിൾ സ്കൂൾ അദ്ധ്യാപകർ/വിദ്യാർത്ഥികൾ

**ക്ലാസ്സുകൾ നയിക്കുന്നത്**
റവ. റ്റി. വത്സൻ എബ്രഹാമും
ലോകപ്രശസ്ത മിഷനറിമാരും

**പ്രവേശനം സൗജന്യം**
**(മുൻകൂർ രജിസ്റ്റർ ചെയ്യുന്നവർക്കുമാത്രം)**

ക്രൂശിൻ സ്നേഹം ജനങ്ങളിലേക്ക്....
പുത്തൻ ദർശനത്തിനായി അണി ചേരൂ...

കൂടുതൽ വിവരങ്ങൾക്ക്

സിസ്റ്റർ സ്റ്റർലാ ലൂക്ക്: 9847055009 പാസ്റ്റർ ജേക്കബ് വർക്കി: 9447472726
പാസ്റ്റർ സാംകുട്ടി മാത്യു: 9447368795 പാസ്റ്റർ ലാലു കോശി: 9447504530

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.